सत्यमेव जयते

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | |
|---|---|---|---|---|---|---|
| सं० 4141 | नई दिल्ली | मंगलवार | 31 दिसंबर 2024/ | 10 पौष 1946 (शक) | खण्ड | 13 |
| No. 4141 | NEW DELHI | Tuesday | 31 December 2024/ | 10 Pousha, 1946 (Saka) | Vol. | 13 |
| നമ്പർ 4141 | ന്യൂഡൽഹി | ചൊവ്വ | 31 ഡിസംബർ 2024/ | 10 പൌഷം, 1946 (ശക) | വാല്യം | 13 |


## MINISTRY OF LAW AND JUSTICE

### (Legislative Department)

*New Delhi, 17th July, 2023/26th Ashada, 1945 (Saka).*

The translation in Malayalam of the Lokpal & Lokayuktas Act, 2013 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

ലോക്പാലും ലോകായുക്തകളും ആക്റ്റ്, 2013-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. REETA VASISHTA,
*Secretary to the Government of India.*

## ഭാഗം I

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും ബാധകതയും പ്രാരംഭവും.—(1) ഈ ആക്റ്റിന് ലോക്പാലും ലോകായുക്തകളും ആക്റ്റ്, 2013 എന്ന് പേര് പറയാം.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഭാരതത്തിനകത്തും പുറത്തുമുള്ള പബ്ലിക് സർവന്റുമാർക്കും ബാധകമാകുന്നതാണ്.

(4) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി[1] പ്രാബല്യത്തിൽ വരുന്നതാണ്.

## ഭാഗം II

## യൂണിയനുവേണ്ടിയുള്ള ലോക്പാൽ

### അദ്ധ്യായം I

### നിർവ്വചനങ്ങൾ

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) "ബെഞ്ച്" എന്നാൽ ലോക്പാലിന്റെ ഒരു ബെഞ്ച് എന്നർത്ഥമാകുന്നു;

(ഖ) "ചെയർപേഴ്സൺ" എന്നാൽ ലോക്പാലിന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഗ) "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നാൽ—

(i) പ്രധാനമന്ത്രിയെ സംബന്ധിച്ചിടത്തോളം ലോകസഭ എന്നർത്ഥമാകുന്നു;

---

1. 2014 ജനുവരി 16-ാം തീയതിയിലെ എസ്.ഒ.119 (ഇ) നമ്പർ വിജ്ഞാപന പ്രകാരം 2014 ജനുവരി 16, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II, ഖണ്ഡം 3 (ii) കാണുക.

(ii) മന്ത്രിസഭയിലെ ഒരു അംഗത്തെ സംബന്ധിച്ചിടത്തോളം പ്രധാനമന്ത്രി എന്നർത്ഥമാകുന്നു;

(iii) പാർലമെന്റിലെ മന്ത്രിയല്ലാത്ത ഒരംഗത്തെ സംബന്ധിച്ചിടത്തോളം—

(ക) രാജ്യസഭയിലെ ഒരു അംഗത്തിന്റെ സംഗതിയിൽ, ആ സഭയുടെ ചെയർമാൻ എന്നും;

(ഖ) ലോകസഭയിലെ ഒരംഗത്തിന്റെ സംഗതിയിൽ, ആ സഭയുടെ സ്പീക്കർ എന്നും,

അർത്ഥമാകുന്നു;

(iv) കേന്ദ്ര സർക്കാരിന്റെ മന്ത്രാലയത്തിലോ വകുപ്പിലോ ഉള്ള ഒരു ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം ആ ഉദ്യോഗസ്ഥൻ സേവനം അനുഷ്ഠിക്കുന്ന മന്ത്രാലയത്തിന്റെയോ വകുപ്പിന്റെയോ ചുമതലയുള്ള മന്ത്രി എന്നർത്ഥമാകുന്നു;

(v) പാർലമെന്റിന്റെ ഏതെങ്കിലും നിയമപ്രകാരം സ്ഥാപിച്ചിട്ടുള്ളതോ രൂപീകരിച്ചിട്ടുള്ളതോ കേന്ദ്ര സർക്കാർ പൂർണ്ണമായോ ഭാഗികമായോ ധനസഹായം നൽകുന്നതോ അത് നിയന്ത്രിക്കുന്നതോ ആയ ഏതെങ്കിലും നികായത്തിന്റെയോ ബോർഡിന്റെയോ കോർപ്പറേഷന്റെയോ അധികാരസ്ഥാനത്തിന്റെയോ കമ്പനിയുടെയോ സൊസൈറ്റിയുടെയോ സ്വയംഭരണ നികായത്തിന്റെയോ (എന്തു പേര് പറഞ്ഞാലും) ഒരു ചെയർപേഴ്സൺ അല്ലെങ്കിൽ അംഗങ്ങളെ സംബന്ധിച്ച് അങ്ങനെയുള്ള നികായത്തിന്റെയോ ബോർഡിന്റെയോ കോർപ്പറേഷന്റെയോ അധികാരസ്ഥാനത്തിന്റെയോ കമ്പനിയുടെയോ സൊസൈറ്റിയുടെയോ സ്വയംഭരണ നികായത്തിന്റെയോ ഭരണമന്ത്രാലയത്തിന്റെ ചുമതലയുള്ള മന്ത്രി എന്നർത്ഥമാകുന്നു;

(vi) പാർലമെന്റിന്റെ ഏതെങ്കിലും നിയമപ്രകാരം സ്ഥാപിച്ചിട്ടുള്ളതോ രൂപീകരിച്ചിട്ടുള്ളതോ കേന്ദ്ര സർക്കാർ പൂർണ്ണമായോ ഭാഗികമായോ ധനസഹായം നൽകുന്നതോ അത് നിയന്ത്രിക്കുന്നതോ ആയ ഏതെങ്കിലും നികായത്തിലെയോ ബോർഡിലെയോ കോർപ്പറേഷനിലെയോ അധികാരസ്ഥാനത്തിലെയോ കമ്പനിയിലെയോ സൊസൈറ്റിയിലെയോ സ്വയംഭരണ നികായത്തിലെയോ (എന്തു പേര് പറഞ്ഞാലും) ഒരു ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള നികായത്തിന്റെയോ ബോർഡിന്റെയോ കോർപ്പറേഷന്റെയോ

അധികാരസ്ഥാനത്തിന്റെയോ കമ്പനിയുടെയോ സൊസൈറ്റിയുടെയോ സ്വയംഭരണ സ്ഥാപനത്തിന്റെയോ തലവൻ എന്നർത്ഥമാകുന്നു;

(vii) മേൽ (i) മുതൽ (vi) വരെ ഉപഖണ്ഡങ്ങളിൻകീഴിൽ വരാത്ത മറ്റേതെങ്കിലും സംഗതിയെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ വിജ്ഞാപനം മുഖേന നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള വകുപ്പോ അധികാരസ്ഥാനമോ എന്നർത്ഥമാകുന്നു:

എന്നാൽ (v)-ാം ഉപഖണ്ഡത്തിലോ (vi)-ാം ഉപഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആൾ ഒരു പാർലമെന്റ് അംഗം കൂടി ആയിരിക്കുകയാണെങ്കിൽ, അപ്പോൾ, ക്ഷമതയുള്ള അധികാരസ്ഥാനം—

(ക) അങ്ങനെയുള്ള അംഗം രാജ്യസഭയിലെ ഒരു അംഗമായിരിക്കുന്ന സംഗതിയിൽ, സഭയുടെ ചെയർമാനും;

(ഖ) അങ്ങനെയുള്ള അംഗം ലോകസഭയിലെ ഒരു അംഗമായിരിക്കുന്ന സംഗതിയിൽ സഭയുടെ സ്പീക്കറും,

ആയിരിക്കുന്നതാണ്;

(ഘ) ''കേന്ദ്ര വിജിലൻസ് കമ്മീഷൻ'' എന്നാൽ കേന്ദ്ര വിജിലൻസ് കമ്മീഷൻ ആക്റ്റ്, 2003 (2003-ലെ 45)-ലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കേന്ദ്ര വിജിലൻസ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(ങ) ''പരാതി'' എന്നാൽ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988-ലെ 49) പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ഒരു പബ്ലിക് സർവന്റ് ചെയ്തതായി ആരോപിച്ചുകൊണ്ട് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ നൽകുന്ന ഒരു പരാതി എന്നർത്ഥമാകുന്നു;

(ച) ''ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ്'' എന്നാൽ ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ്, 1946 (1946-ലെ 25)-ലെ 2-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് എന്നർത്ഥമാകുന്നു;

(ഛ) "അന്വേഷണം" എന്നാൽ ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 2-ാം വകുപ്പ് (ജ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു അന്വേഷണം എന്നർത്ഥമാകുന്നു;

(ജ) "ജുഡീഷ്യൽ അംഗം" എന്നാൽ ലോക്പാലിന്റെ ഒരു ജുഡീഷ്യൽ അംഗം എന്നർത്ഥമാകുന്നു;

(ഝ) "ലോക്പാൽ" എന്നാൽ 3-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട നികായം എന്നർത്ഥമാകുന്നു;

(ഞ) "അംഗം" എന്നാൽ ലോക്പാലിലെ ഒരംഗം എന്നർത്ഥമാകുന്നു;

(ട) "മന്ത്രി" എന്നാൽ കേന്ദ്രമന്ത്രി എന്നർത്ഥമാകുന്നതും എന്നാൽ പ്രധാനമന്ത്രി ഉൾപ്പെടുന്നതല്ലാത്തതുമാണ്;

(ഠ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നതും "വിജ്ഞാപനം ചെയ്യുക" എന്ന പദപ്രയോഗത്തിന് അതനുസരിച്ച് അർത്ഥം കൽപ്പിക്കേണ്ടതുമാണ്;

(ഡ) "പ്രാരംഭികമായ അന്വേഷണവിചാരണ" എന്നാൽ ഈ ആക്റ്റ് പ്രകാരം നടത്തുന്ന ഒരു അന്വേഷണവിചാരണ എന്നർത്ഥമാകുന്നു;

(ഢ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(ണ) "പബ്ലിക് സർവന്റ്" എന്നാൽ 14-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ക) മുതൽ (ജ) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നതും, എന്നാൽ ഏത് പബ്ലിക് സർവന്റിനെ സംബന്ധിച്ചാണോ ആർമി ആക്റ്റ്, 1950 (1950-ലെ 45), എയർഫോഴ്സ് ആക്റ്റ്, 1950 (1950-ലെ 46), നേവി ആക്റ്റ്, 1957 (1957-ലെ 62), കോസ്റ്റ്ഗാർഡ് ആക്റ്റ്, 1978 (1978-ലെ 30) എന്നിവ പ്രകാരം ഏതെങ്കിലും കോടതിയാലോ മറ്റു അധികാരസ്ഥാനത്താലോ അധികാരിത വിനിയോഗിക്കപ്പെടാവുന്ന ആ പബ്ലിക് സർവന്റ് അല്ലെങ്കിൽ ആ ആക്റ്റുകൾ പ്രകാരമുള്ള നടപടിക്രമം ബാധകമാകുന്ന അങ്ങനെയുള്ള പബ്ലിക് സർവന്റ് ഉൾപ്പെടുന്നതല്ലാത്തതുമാണ്;

(ത) ''റെഗുലേഷനുകൾ'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള റെഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ഥ) ''ചട്ടങ്ങൾ'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(ദ) ''പട്ടിക'' എന്നാൽ ഈ ആക്റ്റിനോട് അനുബന്ധിച്ചിട്ടുള്ള ഒരു പട്ടിക എന്നർത്ഥമാകുന്നു;

(ധ) ''പ്രത്യേക കോടതി'' എന്നാൽ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988–ലെ 49)–ലെ 3–ാം വകുപ്പ് (ാ) ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഒരു പ്രത്യേക ജഡ്ജിയുടെ കോടതി എന്നർത്ഥമാകുന്നു.

(2) ഇതിൽ ഉപയോഗിച്ചിട്ടുള്ളതും ഈ ആക്റ്റിൽ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988–ലെ 49)–ൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആ ആക്റ്റിൽ യഥാക്രമം അവയ്ക്കു നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലെ, ഈ ആക്റ്റ് ബാധകമാകുന്ന ഏതെങ്കിലും പ്രദേശത്ത് പ്രാബല്യത്തിലില്ലാത്ത മറ്റേതെങ്കിലും ആക്റ്റിനെയോ അതിലെ വ്യവസ്ഥയെയോ കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന്, അങ്ങനെയുള്ള പ്രദേശത്ത് പ്രാബല്യത്തിലുള്ള തത്തുല്യ ആക്റ്റിനെയോ അതിന്റെ വ്യവസ്ഥയെയോ കുറിച്ചുള്ള ഒരു പരാമർശം ഉള്ളതായി അർത്ഥം കൽപ്പിക്കേണ്ടതാണ്.

## അദ്ധ്യായം II
## ലോക്പാൽ സ്ഥാപിക്കൽ

3. ലോക്പാൽ സ്ഥാപിക്കൽ.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിലും അന്നുമുതൽക്കും, ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, ''ലോക്പാൽ'' എന്നു വിളിക്കപ്പെടുന്ന ഒരു നികായം സ്ഥാപിക്കപ്പെടേണ്ടതാണ്.

(2) ലോക്പാൽ—

(ക) ഭാരതത്തിന്റെ ചീഫ് ജസ്റ്റിസ് ആയിരിക്കുന്നതോ ആയിരുന്നതോ അല്ലെങ്കിൽ സുപ്രീംകോടതിയിലെ ഒരു ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ

അല്ലെങ്കിൽ (3)–ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യതയുള്ള ശ്രേഷ്ഠനായ ഒരാളോ ആയ ഒരു ചെയർപേഴ്സണും;

(ഖ) എട്ടിൽ കവിയാത്ത അങ്ങനെയുള്ള എണ്ണം അംഗങ്ങളും, അവരിൽ അമ്പതുശതമാനം ജുഡീഷ്യൽ അംഗങ്ങളും,

അടങ്ങിയതായിരിക്കേണ്ടതാണ്:

എന്നാൽ ലോക്പാലിലെ അമ്പതുശതമാനത്തിൽ കുറയാത്ത അംഗങ്ങൾ പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലും മറ്റു പിന്നാക്ക വിഭാഗങ്ങളിലും ന്യൂനപക്ഷങ്ങളിലും വനിതകളിലുംപെടുന്ന ആളുകൾക്കിടയിൽ നിന്നും ആയിരിക്കേണ്ടതാണ്.

(3) ഒരാൾ,—

(ക) അയാൾ സുപ്രീംകോടതിയിലെ ഒരു ജഡ്ജി ആയിരിക്കുകയോ ആയിരുന്നതോ അല്ലെങ്കിൽ ഒരു ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ് ആയിരിക്കുകയോ ആയിരുന്നതോ ആണെങ്കിൽ ഒരു ജുഡീഷ്യൽ അംഗമായും;

(ഖ) അയാൾ അഴിമതിവിരുദ്ധ നയം, പൊതുഭരണം, വിജിലൻസ്, ഇൻഷ്വറൻസും ബാങ്കിംഗും ഉൾപ്പെടെയുള്ള ധനകാര്യം, നിയമം, മാനേജ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക അറിവും ഇരുപത്തിയഞ്ചു വർഷത്തിൽ കുറയാത്ത വൈദഗ്ദ്ധ്യവും ഉള്ള, കുറ്റമറ്റ സത്യസന്ധതയും ശ്രദ്ധേയമായ കഴിവുമുള്ള ഒരാളാണെങ്കിൽ, ജുഡീഷ്യൽ അംഗമല്ലാത്ത ഒരു അംഗമായും,

നിയമിക്കപ്പെടാൻ അർഹനായിരിക്കുന്നതാണ്.

(4) ചെയർപേഴ്സണോ ഒരംഗമോ—

(i) ഒരു പാർലമെന്റ് അംഗമോ ഏതെങ്കിലും സംസ്ഥാനത്തിന്റെയോ യൂണിയൻ പ്രദേശത്തിന്റെയോ, നിയമനിർമ്മാണസഭയിലെ അംഗമോ;

(ii) സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന ഏതെങ്കിലും കുറ്റത്തിനു കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ഒരാളോ;

(iii) ചെയർപേഴ്സണായോ അംഗമായോ, അതതുസംഗതിപോലെ, ഉദ്യോഗം ഏറ്റെടുക്കുന്ന തീയതിയിൽ നാൽപ്പത്തിയഞ്ചു വയസ്സിൽ കുറവുള്ള ഒരാളോ;

(iv) ഏതെങ്കിലും പഞ്ചായത്തിലെയോ മുനിസിപ്പാലിറ്റിയിലെയോ ഒരംഗമോ;

(v) യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ സേവനത്തിൽ നിന്ന് നീക്കം ചെയ്യപ്പെടുകയോ പിരിച്ചുവിടപ്പെടുകയോ ചെയ്തിട്ടുള്ള ഒരാളോ,

ആയിരിക്കാൻ പാടില്ലാത്തതും,

വിശ്വാസാധിഷ്ഠിതമോ ആദായകരമോ ആയ ഏതെങ്കിലും ഉദ്യോഗം (ചെയർപേഴ്സണായോ ഒരംഗമായോ ഉള്ള അദ്ദേഹത്തിന്റെ ഉദ്യോഗമല്ലാത്ത) വഹിക്കുന്നതിനോ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയിൽ അംഗമായി ചേർക്കപ്പെടുന്നതിനോ ഏതെങ്കിലും ബിസിനസ്സ് നടത്തുന്നതിനോ ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിനോ പാടില്ലാത്തതും അതനുസരിച്ച്, ചെയർപേഴ്സണായോ ഒരു അംഗമായോ, അതതുസംഗതിപോലെ, നിയമിക്കപ്പെട്ട ഒരാൾ, അയാൾ തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനു മുൻപ്,—

(ക) അയാൾ ഏതെങ്കിലും വിശ്വാസാധിഷ്ഠിതമോ ആദായകരമോ ആയ ഉദ്യോഗം വഹിക്കുകയാണെങ്കിൽ അങ്ങനെയുള്ള ഉദ്യോഗത്തിൽ നിന്നും രാജിവയ്ക്കേണ്ടതോ;

(ഖ) അയാൾ ഏതെങ്കിലും ബിസിനസ്സ് നടത്തികൊണ്ടിരിക്കുകയാണെങ്കിൽ അങ്ങനെയുള്ള ബിസിനസ്സിന്റെ നടത്തിപ്പും നിർവ്വഹണവുമായുള്ള അയാളുടെ ബന്ധം വിച്ഛേദിക്കേണ്ടതോ;

(ഗ) അയാൾ ഏതെങ്കിലും തൊഴിൽ ചെയ്തുക്കൊണ്ടിരിക്കുകയാണെങ്കിൽ അങ്ങനെയുള്ള തൊഴിൽ ചെയ്യൽ അവസാനിപ്പിക്കേണ്ടതോ,
ആണ്.

4. <u>സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശകളിൻമേൽ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനം.</u>—(1) ചെയർപേഴ്സണെയും അംഗങ്ങളെയും—

(ക) പ്രധാനമന്ത്രി—ചെയർപേഴ്സൺ;

(ഖ) ലോകസഭാ സ്പീക്കർ—അംഗം;

(ഗ) ലോകസഭയിലെ പ്രതിപക്ഷ നേതാവ്—അംഗം;

(ഘ) ഭാരതത്തിന്റെ ചീഫ് ജസ്റ്റിസ് അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന സുപ്രീംകോടതിയിലെ ഒരു ജഡ്ജി—അംഗം;

(ങ) മേൽ (ക) മുതൽ (ഘ) വരെ ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ചെയർപേഴ്സണും അംഗങ്ങളും ശിപാർശ ചെയ്യുന്ന പ്രകാരം, രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന ശ്രേഷ്ഠനായ ഒരു നിയമജ്ഞൻ—അംഗം,

എന്നിവർ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശകൾ ലഭിച്ചതിനുശേഷം രാഷ്ട്രപതി നിയമിക്കേണ്ടതാണ്.

(2) ഒരു ചെയർപേഴ്സന്റെയോ ഒരു അംഗത്തിന്റെയോ യാതൊരു നിയമനവും സെലക്ഷൻ കമ്മിറ്റിയിലെ ഏതെങ്കിലും ഒഴിവിന്റെ കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

(3) സെലക്ഷൻ കമ്മിറ്റി, ലോക്പാലിന്റെ ചെയർപേഴ്സണെയും അംഗങ്ങളെയും തിരഞ്ഞെടുക്കുന്ന ആവശ്യങ്ങൾക്കുവേണ്ടിയും അപ്രകാരം നിയമനത്തിനായി പരിഗണിക്കപ്പെടേണ്ട ആളുകളുടെ ഒരു പാനൽ തയ്യാറാക്കുന്നതിന് വേണ്ടിയും അഴിമതിവിരുദ്ധ നയം, പൊതുഭരണം, വിജിലൻസ്, നയരൂപീകരണം, ഇൻഷ്വറൻസും ബാങ്കിംഗും ഉൾപ്പെടെയുള്ള ധനകാര്യം, നിയമം, മാനേജ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിലോ സെലക്ഷൻ കമ്മിറ്റിയുടെ അഭിപ്രായത്തിൽ, ലോക്പാലിന്റെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും തിരഞ്ഞെടുപ്പ് നടത്തുന്നതിന് ഉപയോഗപ്രദമാകാവുന്ന മറ്റേതെങ്കിലും കാര്യത്തിലോ പ്രത്യേക അറിവും വൈദഗ്ദ്ധ്യവും ഉള്ളതുമായ ഏറ്റവും കുറഞ്ഞത് ഏഴു സ്ഥാനികളായ ആളുകൾ അടങ്ങുന്ന ഒരു സെർച്ച് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്:

എന്നാൽ സെർച്ച് കമ്മിറ്റിയിലെ അമ്പതു ശതമാനത്തിൽ കുറയാത്ത അംഗങ്ങൾ പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലും മറ്റു പിന്നാക്ക വിഭാഗങ്ങളിലും ന്യൂനപക്ഷങ്ങളിലും വനിതകളിലുംപെടുന്ന ആളുകൾക്കിടയിൽ നിന്നും ആയിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല സെലക്ഷൻ കമ്മിറ്റിക്ക്, സെർച്ച് കമ്മിറ്റി ശിപാർശ ചെയ്യുന്ന ആളുകളല്ലാത്ത ഏതെങ്കിലും ആളെ കൂടി പരിഗണിക്കാവുന്നതാണ്.

(4) സെലക്ഷൻ കമ്മിറ്റി, ലോക്പാലിന്റെ ചെയർപേഴ്സണെയും അംഗങ്ങളെയും തിരഞ്ഞെടുക്കുന്നതിനു വേണ്ടിയുള്ള അതിന്റേതായ നടപടിക്രമം സുതാര്യമായ രീതിയിൽ ക്രമപ്പെടുത്തേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സെർച്ച് കമ്മിറ്റിയുടെ കാലാവധിയും അതിലെ അംഗങ്ങൾക്കു നൽകേണ്ട ഫീസും ബത്തകളും പേരുകളുടെ പാനൽ തിരഞ്ഞെടുക്കലിന്റെ രീതിയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

5. ചെയർപേഴ്സന്റെയോ അംഗങ്ങളുടെയോ ഒഴിവുകൾ നികത്തൽ.—രാഷ്ട്രപതി, ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ, അതതുസംഗതിപോലെ, കാലാവധി അവസാനിക്കുന്നതിന് ഏറ്റവും കുറഞ്ഞത് മൂന്നു മാസങ്ങൾക്കു മുൻപ് പുതിയ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനത്തിനാവശ്യമായ എല്ലാ നടപടികളും ഈ ആക്റ്റിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾക്കനുസൃതമായി എടുക്കേണ്ടതോ എടുക്കാൻ ഇടയാക്കേണ്ടതോ ആണ്.

6. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗ കാലാവധി.— ചെയർപേഴ്സണെയും ഓരോ അംഗത്തെയും സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിൻമേൽ രാഷ്ട്രപതി, അദ്ദേഹത്തിന്റെ ഒപ്പും മുദ്രയും വച്ച വാറന്റ് മുഖേന നിയമിക്കേണ്ടതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തേക്കോ അദ്ദേഹത്തിന് എഴുപത് വയസ്സ് തികയുന്നതു വരെയോ, ഇതിൽ ഏതാണോ ആദ്യം അതുവരെ, ആ നിലയിൽ ഉദ്യോഗം വഹിക്കേണ്ടതുമാണ്:

എന്നാൽ—

(ക) അദ്ദേഹത്തിന് രാഷ്ട്രപതിയെ അഭിസംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതി ഉദ്യോഗം രാജി വയ്ക്കാവുന്നതോ;

(ഖ) 37-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ അദ്ദേഹത്തെ തന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതോ,

ആണ്.

7. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റു സേവന വ്യവസ്ഥകളും.—ശമ്പളവും ബത്തകളും മറ്റു സേവനവ്യവസ്ഥകളും—

(i) ചെയർപേഴ്സണ്, ഭാരതത്തിന്റെ ചീഫ് ജസ്റ്റിസിന്റേതു തന്നെ ആയിരിക്കേണ്ടതാണ്;

(ii) മറ്റ് അംഗങ്ങൾക്ക്, ഒരു സുപ്രീംകോടതി ജഡ്ജിയുടേത് തന്നെ ആയിരിക്കേണ്ടതുമാണ്:

എന്നാൽ ചെയർപേഴ്സണോ ഒരു അംഗമോ അദ്ദേഹത്തിന്റെ നിയമന സമയത്ത്, ഭാരത സർക്കാരിന്റെയോ ഒരു സംസ്ഥാന സർക്കാരിന്റെയോ കീഴിലെ ഏതെങ്കിലും മുൻസേവനത്തിനുള്ള പെൻഷൻ (അവശതാപെൻഷൻ അല്ലാത്ത) കൈപ്പറ്റുന്നുവെങ്കിൽ, ചെയർപേഴ്സൺ അല്ലെങ്കിൽ, അതതുസംഗതിപോലെ, ഒരു അംഗം എന്ന നിലയിലുള്ള സേവനം സംബന്ധിച്ച അദ്ദേഹത്തിന്റെ ശമ്പളം—

(ക) ആ പെൻഷൻ തുക കൊണ്ടും;

(ഖ) അങ്ങനെയുള്ള നിയമനത്തിനു മുൻപ് അദ്ദേഹം അങ്ങനെയുള്ള മുൻസേവനം സംബന്ധിച്ച് അദ്ദേഹത്തിന് കിട്ടാനുള്ള പെൻഷന്റെ ഒരു ഭാഗത്തിനുപകരം അതിന്റെ കമ്മ്യൂട്ടഡ്‌വാല്യൂ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ പെൻഷന്റെ ആ ഭാഗത്തിന്റെ തുക കൊണ്ടും,

കുറവ് വരുത്തേണ്ടതാണ്:

എന്നുമാത്രമല്ല ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ശമ്പളവും ബത്തകളും, നൽകേണ്ട പെൻഷനും മറ്റു സേവനവ്യവസ്ഥകളും അദ്ദേഹത്തിന്റെ നിയമനത്തിന് ശേഷം അദ്ദേഹത്തിന് പ്രതികൂലമാകത്തക്കവണ്ണം വ്യത്യാസപ്പെടുത്താൻ പാടുള്ളതല്ല.

8. <u>ഉദ്യോഗം വഹിക്കുന്നത് അവസാനിച്ച ശേഷം ചെയർപേഴ്സണും അംഗങ്ങൾക്കും നിയോജനത്തിനുള്ള നിയന്ത്രണം.</u>—(1) ഉദ്യോഗം വഹിക്കുന്നത് അവസാനിക്കുന്നതിൻമേൽ ചെയർപേഴ്സണും ഓരോ അംഗവും—

(i) ലോക്‌പാലിന്റെ ചെയർപേഴ്സണായോ ഒരു അംഗമായോ ഉള്ള പുനർനിയമനത്തിന്;

(ii) ഏതെങ്കിലും നയതന്ത്ര ചുമതലയ്ക്കും, ഒരു യൂണിയൻ പ്രദേശത്തിന്റെ അഡ്മിനിസ്ട്രേറ്റർ ആയുള്ള നിയമനത്തിനും രാഷ്ട്രപതിയുടെ ഒപ്പും സീലും വച്ച വാറണ്ട് മുഖേന ചെയ്യേണ്ടത് നിയമപരമായി ആവശ്യമായ അങ്ങനെയുള്ള മറ്റു ചുമതലയ്ക്കും അല്ലെങ്കിൽ നിയമനത്തിനും;

(iii) ഭാരത സർക്കാരിന്റെയോ ഒരു സംസ്ഥാന സർക്കാരിന്റെയോ കീഴിലുള്ള മറ്റേതെങ്കിലും ആദായകരമായ ഉദ്യോഗത്തിലേയ്ക്ക് വീണ്ടുമുള്ള നിയോജനത്തിന്;

(iv) സ്ഥാനം വിട്ടൊഴിയുന്ന തീയതി മുതൽ അഞ്ചുവർഷ ക്കാലയളവിനുള്ളിൽ രാഷ്ട്രപതിയുടെയോ ഉപരാഷ്ട്രപതിയുടെയോ പാർലമെന്റിന്റെ

ഏതെങ്കിലും സഭയിലെ അംഗത്തിന്റെയോ ഒരു സംസ്ഥാന നിയമസഭയുടെ ഏതെങ്കിലും സഭയിലെ അംഗത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ പഞ്ചായത്തിന്റെയോ ഏതെങ്കിലും തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിന്,

അയോഗ്യനായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അംഗമായും ചെയർപേഴ്സണായും ഉള്ള ഒരംഗത്തിന്റെ ആകെ ഉദ്യോഗ കാലാവധി അഞ്ചുവർഷം കവിയാത്തപക്ഷം, അദ്ദേഹം ചെയർപേഴ്സണായി നിയമിക്കപ്പെടാൻ യോഗ്യനായിരിക്കുന്നതാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഒരു അംഗം ചെയർപേഴ്സണായി നിയമിക്കപ്പെടുന്നിടത്ത് അംഗമായും ചെയർപേഴ്സണായും ഉള്ള അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി മൊത്തം അഞ്ചുവർഷത്തിൽ കൂടാൻ പാടില്ലാത്തതാണെന്ന് ഇതിനാൽ സ്പഷ്ടമാക്കുന്നു.

9. ചില സാഹചര്യങ്ങളിൽ അംഗം ചെയർപേഴ്സണായി പ്രവർത്തിക്കേണ്ടതോ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതോ ആണെന്ന്.—(1) ചെയർപേഴ്സന്റെ മരണത്താലോ രാജിയാലോ മറ്റേതെങ്കിലും വിധത്തിലോ അദ്ദേഹത്തിന്റെ ഓഫീസിൽ ഏതെങ്കിലും ഒഴിവുണ്ടാകുന്ന സന്ദർഭത്തിൽ, രാഷ്ട്രപതിക്ക്, വിജ്ഞാപനം മുഖേന, ഏറ്റവും മുതിർന്ന അംഗത്തെ, അങ്ങനെയുള്ള ഒഴിവുനികത്തുന്നതിന് ഒരു പുതിയ ചെയർപേഴ്സന്റെ നിയമനം നടത്തുന്നതുവരെ ചെയർപേഴ്സണായി പ്രവർത്തിക്കാൻ അധികാരപ്പെടുത്താവുന്നതാണ്.

(2) അവധിയാലോ മറ്റുവിധത്തിലോ ഉള്ള അസാന്നിദ്ധ്യം മൂലം ചെയർപേഴ്സണ് അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കാൻ കഴിയാതെ വരുമ്പോൾ, രാഷ്ട്രപതി, വിജ്ഞാപനം മുഖേന, ഇതിലേയ്ക്ക് അധികാരപ്പെടുത്താവുന്ന പ്രകാരമുള്ള ലഭ്യമായ ഏറ്റവും മുതിർന്ന അംഗം, ചെയർപേഴ്സൺ കർത്തവ്യങ്ങൾ വീണ്ടും ഏറ്റെടുക്കുന്ന തീയതി വരെ ചെയർപേഴ്സന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

10. ലോക്പാലിന്റെ സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും സ്റ്റാഫും.—(1) ലോക്പാലിന് ഭാരത സർക്കാരിന്റെ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തെ കേന്ദ്ര സർക്കാർ അയച്ചു കൊടുക്കുന്ന പേരുകളുടെ ഒരു പാനലിൽ നിന്നും ചെയർപേഴ്സൺ നിയമിക്കേണ്ടതുമാണ്.

(2) ഭാരത സർക്കാരിന്റെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്തതോ തത്തുല്യമായതോ ആയ, കേന്ദ്ര സർക്കാർ അയച്ചു കൊടുക്കുന്ന

പേരുകളുടെ ഒരു പാനലിൽ നിന്നും ചെയർപേഴ്സൺ നിയമിക്കുന്ന ഒരു അന്വേഷണ വിചാരണ ഡയറക്ടറും ഒരു പ്രോസിക്യൂഷൻ ഡയറക്ടറും ഉണ്ടായിരിക്കേണ്ടതാണ്.

(3) ലോക്പാലിലെ ഉദ്യോഗസ്ഥരുടെയും മറ്റു സ്റ്റാഫിന്റെയും നിയമനം, ചെയർപേഴ്സണോ ചെയർപേഴ്സൺ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള, ലോക്പാലിലെ അങ്ങനെയുള്ള അംഗമോ ഉദ്യോഗസ്ഥനോ നടത്തേണ്ടതാണ്:

എന്നാൽ രാഷ്ട്രപതിക്ക്, ചട്ടം മുഖേന, ചട്ടങ്ങളിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഏതെങ്കിലും തസ്തികയോ തസ്തികകളോ സംബന്ധിച്ചുള്ള നിയമനം യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച ശേഷം നടത്തേണ്ടതാണെന്ന് ആവശ്യപ്പെടാവുന്നതാണ്.

(4) പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, ലോക്പാലിന്റെ സെക്രട്ടറിയുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും സ്റ്റാഫിന്റെയും സേവനവ്യവസ്ഥകൾ, ഈ ആവശ്യത്തിലേയ്ക്ക് ലോക്പാൽ ഉണ്ടാക്കുന്ന റെഗുലേഷനുകൾ മുഖേന നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്:

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം ഉണ്ടാക്കപ്പെടുന്ന റെഗുലേഷനുകൾക്ക്, അവ ശമ്പളത്തെയോ ബത്തകളെയോ അവധിയെയോ പെൻഷനുകളെയോ സംബന്ധിച്ചിടത്തോളം, രാഷ്ട്രപതിയുടെ അംഗീകാരം ആവശ്യമായിരിക്കുന്നതാണ്.

## അദ്ധ്യായം III

## അന്വേഷണവിചാരണ വിഭാഗം

11. അന്വേഷണവിചാരണ വിഭാഗം.—(1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു പബ്ലിക് സർവന്റ് ചെയ്തിട്ടുള്ളതായി ആരോപിക്കപ്പെടുന്ന, പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988-ലെ 49) പ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും കുറ്റത്തിന്റെ പ്രാഥമിക അന്വേഷണവിചാരണ നടത്തുന്ന ആവശ്യത്തിലേയ്ക്കായി, അന്വേഷണവിചാരണ ഡയറക്ടർ തലവനായുള്ള ഒരു അന്വേഷണവിചാരണ വിഭാഗം ലോക്പാൽ രൂപീകരിക്കേണ്ടതാണ്:

എന്നാൽ ലോക്പാൽ അന്വേഷണവിചാരണ വിഭാഗം രൂപീകരിക്കുന്ന അങ്ങനെയുള്ള സമയം വരെ, ഈ ആക്റ്റ് പ്രകാരം പ്രാഥമിക അന്വേഷണ വിചാരണകൾ നടത്തുന്നതിനുവേണ്ടി, ലോക്പാൽ ആവശ്യപ്പെടാവുന്ന, അങ്ങനെയുള്ള എണ്ണം ഉദ്യോഗസ്ഥരെയും മറ്റു സ്റ്റാഫിനെയും കേന്ദ്ര സർക്കാർ അതിന്റെ മന്ത്രാലയങ്ങളിൽ നിന്നോ വകുപ്പുകളിൽ നിന്നോ ലഭ്യമാക്കേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഒരു പ്രാഥമിക അന്വേഷണവിചാരണ നടത്തുന്നതിൽ ലോക്പാലിനെ സഹായിക്കുന്ന ആവശ്യങ്ങൾക്കായി, അന്വേഷണവിചാരണ വിഭാഗത്തിലെ, ഭാരത സർക്കാരിന്റെ അണ്ടർസെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥർക്ക്, 27-ാം വകുപ്പുപ്രകാരം ലോക്പാലിന്റെ അന്വേഷണവിചാരണ വിഭാഗത്തിനു നൽകപ്പെട്ട പ്രകാരമുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം IV

## പ്രോസിക്യൂഷൻ വിഭാഗം

12. <u>പ്രോസിക്യൂഷൻ വിഭാഗം.</u>—(1) ലോക്പാൽ, വിജ്ഞാപനം മുഖേന, ഈ ആക്റ്റ് പ്രകാരം, ലോക്പാലിനാലുള്ള ഏതെങ്കിലും പരാതിയുമായി ബന്ധപ്പെട്ട് പബ്ലിക് സർവന്റുമാരുടെ പ്രോസിക്യൂഷൻ ആവശ്യത്തിന് വേണ്ടി പ്രോസിക്യൂഷൻ ഡയറക്ടർ തലവനായുള്ള ഒരു പ്രോസിക്യൂഷൻ വിഭാഗം രൂപീകരിക്കേണ്ടതാണ്:

എന്നാൽ ലോക്പാൽ പ്രോസിക്യൂഷൻ വിഭാഗം രൂപീകരിക്കുന്ന അങ്ങനെയുള്ള സമയം വരെ, ഈ ആക്റ്റ് പ്രകാരം പ്രോസിക്യൂഷൻ നടത്തുന്നതിനുവേണ്ടി ലോക്പാൽ ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള എണ്ണം ഉദ്യോഗസ്ഥരെയും മറ്റു സ്റ്റാഫിനെയും കേന്ദ്ര സർക്കാർ അതിന്റെ മന്ത്രാലയങ്ങളിൽ നിന്നോ വകുപ്പുകളിൽ നിന്നോ ലഭ്യമാക്കേണ്ടതാണ്.

(2) പ്രോസിക്യൂഷൻ ഡയറക്ടർ, ലോക്പാൽ അപ്രകാരം നിർദ്ദേശിച്ച ശേഷം, അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾക്കനുസൃതമായി പ്രത്യേക കോടതി മുൻപാകെ ഒരു കേസ് ഫയൽ ചെയ്യേണ്ടതും പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988-ലെ 49) പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റവുമായി ബന്ധപ്പെട്ട് പബ്ലിക് സർവന്റുമാരുടെ പ്രോസിക്യൂഷൻ സംബന്ധിച്ച് ആവശ്യമായ എല്ലാ നടപടികളും എടുക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരമുള്ള കേസ്, ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 173-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള, അന്വേഷണത്തിന്റെ പൂർത്തീകരണത്തിൻമേൽ ഫയൽ ചെയ്തിട്ടുള്ള ഒരു റിപ്പോർട്ടായി കരുതപ്പെടേണ്ടതാണ്.

## അദ്ധ്യായം V

## ലോക്പാലിന്റെ ചെലവുകൾ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ടതാണെന്ന്

13. ലോക്പാലിന്റെ ചെലവുകൾ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ടതാണെന്ന്.—(1) ലോക്പാലിന്റെ ചെയർപേഴ്സണോ അംഗങ്ങൾക്കോ സെക്രട്ടറിക്കോ മറ്റുദ്യോഗസ്ഥർക്കോ സ്റ്റാഫിനോ നൽകേണ്ട അല്ലെങ്കിൽ അതു സംബന്ധിച്ചുള്ള എല്ലാ ശമ്പളവും ബത്തകളും പെൻഷനുകളും ഉൾപ്പെടെയുള്ള ലോക്പാലിന്റെ ഭരണപരമായ ചെലവുകൾ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നും നടത്തേണ്ടതും ലോക്പാൽ സ്വീകരിക്കുന്ന ഏതെങ്കിലും ഫീസോ മറ്റു പണത്തുകകളോ ആ നിധിയുടെ ഭാഗമാകുന്നതുമാണ്.

## അദ്ധ്യായം VI

## അന്വേഷണവിചാരണ സംബന്ധിച്ചുള്ള അധികാരിത

14. ലോക്പാലിന്റെ അധികാരിതയിൽ പ്രധാനമന്ത്രിയും മന്ത്രിമാരും പാർലമെന്റ് അംഗങ്ങളും കേന്ദ്ര സർക്കാരിന്റെ എ-യും ബി-യും സി-യും ഡി-യും വിഭാഗം ഓഫീസർമാരും ഉദ്യോഗസ്ഥരും ഉൾപ്പടുന്നതാണെന്ന്.—(1) ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്കു വിധേയമായി, താഴെപ്പറയുന്നവരെ സംബന്ധിക്കുന്ന ഒരു പരാതിയിൽ ഉന്നയിച്ച ഏതെങ്കിലും അഴിമതി ആരോപണത്തിൽ ഉൾപ്പെട്ടിട്ടുള്ളതോ അതിൽ നിന്നും ഉത്ഭവിക്കുന്നതോ അതുമായി ബന്ധപ്പെട്ടുള്ളതോ ആയ ഏതെങ്കിലും കാര്യത്തെക്കുറിച്ച് ലോക്പാൽ അന്വേഷണവിചാരണ നടത്തേണ്ടതോ ഒരു അന്വേഷണവിചാരണ നടത്താൻ ഇടയാക്കേണ്ടതോ ആണ്, അതായത്:—

(ക) ഒരു പ്രധാനമന്ത്രി ആയിരിക്കുന്നതോ, ആയിരുന്നതോ ആയ ഏതെങ്കിലും ആൾ:

എന്നാൽ പ്രധാനമന്ത്രിക്കെതിരെയുള്ള അങ്ങനെയുള്ള ഏതെങ്കിലും അഴിമതി ആരോപണത്തിൽ ഉൾപ്പെട്ടതോ അതിൽ നിന്നും ഉത്ഭവിക്കുന്നതോ അതു മായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും കാര്യം,—

(i) അന്താരാഷ്ട്രബന്ധങ്ങൾ, ബാഹ്യവും ആഭ്യന്തരവുമായ സുരക്ഷ, പൊതുസമാധാനം, ആണവോർജ്ജം, ബഹിരാകാശം എന്നിവയെ സംബന്ധിച്ചിടത്തോളം;

(ii) ലോക്പാലിന്റെ ചെയർപേഴ്സണും എല്ലാ അംഗങ്ങളും അടങ്ങുന്ന അതിന്റെ ഫുൾബെഞ്ച് അന്വേഷണവിചാരണ ആരംഭിക്കുന്നത് പരിഗണിക്കാത്തപക്ഷവും അതിലെ ഏറ്റവും കുറഞ്ഞത് മൂന്നിൽ രണ്ട് ഭാഗം അംഗങ്ങൾ അങ്ങനെയുള്ള അന്വേഷണവിചാരണ അംഗീകരിക്കാത്തപക്ഷവും,

ലോക്പാൽ അന്വേഷണവിചാരണ നടത്താൻ പാടുള്ളതല്ല:

എന്നുമാത്രമല്ല അങ്ങനെയുള്ള ഏതൊരു അന്വേഷണവിചാരണയും രഹസ്യ വിചാരണയായി നടത്തേണ്ടതും, ആ പരാതി തള്ളിക്കളയുന്നതിന് അർഹമാണെന്ന് ലോക്പാൽ തീരുമാനത്തിൽ എത്തുകയാണെങ്കിൽ അന്വേഷണവിചാരണയുടെ രേഖകൾ പ്രസിദ്ധീകരിക്കുന്നതിനോ ഏതെങ്കിലും ആളിന് ലഭ്യമാക്കുന്നതിനോ പാടില്ലാത്തതുമാണ്.

(ഖ) യൂണിയന്റെ ഒരു മന്ത്രിയായിരിക്കുന്നതോ ആയിരുന്നതോ ആയ ഏതെങ്കിലും ആൾ;

(ഗ) പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലെങ്കിലും അംഗമായിരിക്കുന്നതോ ആയിരുന്നതോ ആയ ഏതെങ്കിലും ആൾ;

(ഘ) യൂണിയന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട് സേവനമനുഷ്ഠിക്കുന്നതോ സേവനമനുഷ്ഠിച്ചിട്ടുള്ളതോ ആയ, പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988-ലെ 49)-ലെ 2-ാം വകുപ്പ് (ഗ) ഖണ്ഡത്തിലെ (i)-ഉം (ii)-ഉം ഉപഖണ്ഡങ്ങളിൽ നിർവ്വചിച്ചിട്ടുള്ള പബ്ലിക് സർവ്വന്റുമാരുടെ ഇടയിൽ നിന്നുമുള്ള ഗ്രൂപ്പ് 'എ' അല്ലെങ്കിൽ ഗ്രൂപ്പ് 'ബി' അല്ലെങ്കിൽ തത്തുല്യമോ ഉയർന്നതോ ആയ ഏതെങ്കിലും ഓഫീസർ;

(ങ) 20-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥയ്ക്കു വിധേയമായി, യൂണിയന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട് സേവനമനുഷ്ഠിക്കുന്നതോ സേവനമനുഷ്ഠിച്ചിട്ടുള്ളതോ ആയ, പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988-ലെ 49)-ലെ 2-ാം വകുപ്പ് (ഗ) ഖണ്ഡത്തിലെ (i)-ഉം (ii)-ഉം ഉപഖണ്ഡങ്ങളിൽ നിർവ്വചിച്ചിട്ടുള്ള പബ്ലിക് സർവ്വന്റുമാരുടെ ഇടയിൽ നിന്നുമുള്ള ഗ്രൂപ്പ് 'സി' അല്ലെങ്കിൽ ഗ്രൂപ്പ് 'ഡി' അല്ലെങ്കിൽ തത്തുല്യമോ ആയ ഏതെങ്കിലും ഉദ്യോഗസ്ഥൻ;

(ച) പാർലമെന്റിന്റെ ഒരു ആക്റ്റ് മുഖേന സ്ഥാപിച്ചിട്ടുള്ളതോ മുഴുവനായോ ഭാഗികമായോ കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നതോ അത്

നിയന്ത്രിക്കുന്നതോ ആയ ഏതെങ്കിലും നികായം, ബോർഡ്, കോർപ്പറേഷൻ, അധികാരസ്ഥാനം, കമ്പനി, സൊസൈറ്റി, ട്രസ്റ്റ് അല്ലെങ്കിൽ സ്വയംഭരണ നികായം (എന്തുപേര് പറഞ്ഞാലും) ഇവയിൽ ഒരു ചെയർപേഴ്സണോ അംഗമോ ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിരിക്കുന്നതോ ആയിരുന്നതോ ആയ ഏതെങ്കിലും ആൾ:

എന്നാൽ യൂണിയന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ടോ (ങ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും നികായത്തിലോ ബോർഡിലോ കോർപ്പറേഷനിലോ അധികാരസ്ഥാനത്തിലോ കമ്പനിയിലോ സൊസൈറ്റിയിലോ ട്രസ്റ്റിലോ സ്വയംഭരണ നികായത്തിലോ സേവനമനുഷ്ഠിച്ചിട്ടുള്ളതോ എന്നാൽ സംസ്ഥാനത്തിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ടോ സംസ്ഥാന നിയമനിർമ്മാണസഭയുടെ ഒരു ആക്റ്റ് മുഖേന സ്ഥാപിച്ചിട്ടുള്ളതോ മുഴുവനായോ ഭാഗികമായോ സംസ്ഥാന സർക്കാർ ധനസഹായം നൽകുന്നതോ അത് നിയന്ത്രിക്കുന്നതോ ആയ ഏതെങ്കിലും നികായത്തിലോ ബോർഡിലോ കോർപ്പറേഷനിലോ അധികാരസ്ഥാനത്തിലോ കമ്പനിയിലോ സൊസൈറ്റിയിലോ ട്രസ്റ്റിലോ സ്വയംഭരണ നികായത്തിലോ (എന്തുപേര് പറഞ്ഞാലും) ജോലി ചെയ്തുവരുന്നതോ ആയ, (ഘ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അങ്ങനെയുള്ള ഓഫീസർമാരെ സംബന്ധിച്ച് ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ അനുമതി ലഭിച്ചശേഷം മാത്രം ഈ ആക്റ്റ് പ്രകാരം ലോക്പാലിനും അതിന്റെ അന്വേഷണവിചാരണ വിഭാഗത്തിലെ അല്ലെങ്കിൽ പ്രോസിക്യൂഷൻ വിഭാഗത്തിലെ ഓഫീസർമാർക്കും അധികാരിത ഉണ്ടായിരിക്കുന്നതാണ്;

(ഛ) പൂർണ്ണമായോ ഭാഗികമായോ സർക്കാർ ധനസഹായം നൽകുന്നതും കേന്ദ്ര സർക്കാർ വിജ്ഞാപനം മുഖേന നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള തുകയിൽ അധികരിച്ച വാർഷിക വരുമാനമുള്ളതുമായ മറ്റ് എല്ലാ സൊസൈറ്റിയുടെയോ ആളുകളുടെ സമാജത്തിന്റെയോ ട്രസ്റ്റിന്റെയോ (തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതോ അല്ലാത്തതോ), എന്തു പേര് പറഞ്ഞാലും, ഒരു ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ഓഫീസറോ ആയിരിക്കുന്നതോ ആയിരുന്നതോ ആയ ഏതെങ്കിലും ആൾ;

(ജ) ഫോറിൻ കോൺട്രിബ്യൂഷൻ (റെഗുലേഷൻ) ആക്റ്റ്, 2010 (2010-ലെ 42) പ്രകാരം ഒരു വർഷം പത്ത് ലക്ഷം രൂപയിൽ കൂടുതലോ, കേന്ദ്ര സർക്കാർ വിജ്ഞാപനം മുഖേന നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഉയർന്ന തുകയോ

ഏതെങ്കിലും വിദേശസ്രോതസ്സിൽ നിന്നും ഏതെങ്കിലും സംഭാവന കൈപ്പറ്റുന്ന മറ്റ് എല്ലാ സൊസൈറ്റിയുടെയോ ആളുകളുടെ സമാജത്തിന്റെയോ ട്രസ്റ്റിന്റെയോ (തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതോ അല്ലാത്തതോ) ഒരു ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ഓഫീസറോ ആയിരിക്കുന്നതോ ആയിരുന്നതോ ആയ ഏതെങ്കിലും ആൾ;

*വിശദീകരണം.*—(ച)-യും (ഛ)-യും ഖണ്ഡങ്ങളുടെ ആവശ്യത്തിലേയ്ക്കായി ഏതെങ്കിലും അസ്തിത്വമോ സ്ഥാപനമോ, എന്തുപേര് പറഞ്ഞാലും, കോർപ്പറേറ്റോ സൊസൈറ്റിയോ ട്രസ്റ്റോ ആളുകളുടെ സമാജമോ പങ്കാളിത്തമോ അനന്യമായ ഉടമസ്ഥതയോ ക്ലിപ്തബാദ്ധ്യതാപങ്കാളിത്തമോ (തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതോ അല്ലാത്തതോ) ആ ഖണ്ഡങ്ങളിൽപെട്ടിട്ടുള്ള അസ്തിത്വങ്ങൾ ആയിരിക്കുന്നതാണെന്ന് ഇതിനാൽ സ്പഷ്ടീകരിക്കുന്നു:

എന്നാൽ ഈ ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഏതൊരാളും പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988-ലെ 49)-ലെ 2-ാം വകുപ്പ് (ഗ) ഖണ്ഡപ്രകാരമുള്ള ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതും ആ ആക്റ്റിലെ വ്യവസ്ഥകൾ അതനുസരിച്ച് ബാധകമാകുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലെയെങ്കിലും ഏതെങ്കിലും അംഗത്തിനെതിരായി പാർലമെന്റിലോ ഭരണഘടനയുടെ 105-ാം അനുച്ഛേദത്തിന്റെ (2)-ാം ഖണ്ഡത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളിൻകീഴിലുള്ള അതിന്റെ ഏതെങ്കിലും സമിതിയിലോ അദ്ദേഹം പറഞ്ഞ എന്തിനെയെങ്കിലുമോ നൽകിയ ഒരു വോട്ടിനെ സംബന്ധിച്ചോ അങ്ങനെയുള്ള ഏതെങ്കിലും അഴിമതി ആരോപണം ഉൾപ്പെടുന്നതോ അതിൽ നിന്നും ഉത്ഭവിക്കുന്നതോ അതുമായി ബന്ധപ്പെട്ടുള്ളതോ ആയ ഏതെങ്കിലും കാര്യത്തെ കുറിച്ച് ലോക്പാൽ അന്വേഷണവിചാരണ നടത്താൻ പാടുള്ളതല്ല.

(3) ലോക്പാലിന്, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ളതല്ലാത്ത ഏതെങ്കിലും ആളിന്റെ ഏതെങ്കിലും പ്രവൃത്തിയെയോ പെരുമാറ്റത്തെയോ കുറിച്ച്, അങ്ങനെയുള്ള ആൾ, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരാൾക്കെതിരായി പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988-ലെ 49) പ്രകാരമുള്ള പ്രേരണാകൃത്യത്തിലോ കൈക്കൂലി നൽകലിലോ കൈക്കൂലി വാങ്ങലിലോ ഏതെങ്കിലും

അഴിമതി ആരോപണവുമായി ബന്ധപ്പെട്ട ഗൂഢാലോചനയിലോ ഉൾപ്പെട്ടിരിക്കുന്നുവെങ്കിൽ, അന്വേഷണവിചാരണ നടത്താവുന്നതാണ്:

എന്നാൽ ഒരു സംസ്ഥാനത്തിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട് ഒരാൾ സേവനമനുഷ്ഠിക്കുന്ന സംഗതിയിൽ ഈ വകുപ്പുപ്രകാരമുള്ള യാതൊരു നടപടിയും ആ സംസ്ഥാന സർക്കാരിന്റെ അനുമതി കൂടാതെ എടുക്കാൻ പാടുള്ളതല്ല.

(4) ഈ ആക്റ്റ് പ്രകാരം ലോക്പാലിന് നൽകിയിട്ടുള്ള ഒരു പരാതിയെ സംബന്ധിച്ച യാതൊരു കാര്യവും അന്വേഷണവിചാരണ കമ്മീഷൻസ് ആക്റ്റ്, 1952 (1952-ലെ 60) പ്രകാരം അന്വേഷണവിചാരണയ്ക്ക് റഫർ ചെയ്യാൻ പാടില്ലാത്തതാണ്.

*വിശദീകരണം.*—സംശയങ്ങൾ തീർക്കലിനായി, ഈ ആക്റ്റ് പ്രകാരമുള്ള ഒരു പരാതി, പബ്ലിക് സർവന്റ്, ആ നിലയിൽ ഉദ്യോഗം വഹിക്കുകയായിരുന്നതോ സേവനമനുഷ്ഠിക്കുകയായിരുന്നതോ ആയ ഒരു കാലയളവുമായി ബന്ധപ്പെട്ട് മാത്രമുള്ളതായിരിക്കണമെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

15. <u>അന്വേഷണ വിചാരണയ്ക്കായി ഏതെങ്കിലും കോടതിയുടെയോ സമിതിയുടെയോ അധികാരസ്ഥാനത്തിന്റെയോ മുൻപാകെ നിലവിലിരിക്കുന്ന കാര്യങ്ങളെ ബാധിക്കുന്നതല്ലെന്ന്.</u>—പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988-ലെ 49) പ്രകാരം അഴിമതി ആരോപണവുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യമോ നടപടിയോ ഏതെങ്കിലും കോടതിയുടെയോ പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിന്റെയെങ്കിലും സമിതിയുടെ മുൻപാകെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെ മുൻപാകെയോ ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുൻപോ ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷമുള്ള ഏതെങ്കിലും അന്വേഷണവിചാരണയുടെ പ്രാരംഭത്തിൽ നിലവിലിരിക്കുകയാണെങ്കിൽ അങ്ങനെയുള്ള കാര്യമോ നടപടിയോ അങ്ങനെയുള്ള കോടതിയുടെയോ സമിതിയുടെയോ അധികാരസ്ഥാനത്തിന്റെയോ മുൻപാകെ തുടരേണ്ടതാണ്.

16. <u>ലോക്പാലിന്റെ ബെഞ്ചുകളുടെ രൂപീകരണം.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി,—

(ക) ലോക്പാലിന്റെ അധികാരിത അതിന്റെ ബെഞ്ചുകൾ മുഖേന വിനിയോഗിക്കാവുന്നതാണ്;

(ഖ) ചെയർപേഴ്സൺ യുക്തമെന്ന് കരുതാവുന്ന രണ്ടോ അതിലധികമോ അംഗങ്ങളോടു കൂടിയ ഒരു ബെഞ്ച് ചെയർപേഴ്സണ് രൂപീകരിക്കാവുന്നതാണ്;

(ഗ) ഓരോ ബെഞ്ചും സാധാരണയായി ഏറ്റവും കുറഞ്ഞത് ഒരു ജുഡീഷ്യൽ അംഗമെങ്കിലും അടങ്ങുന്നതായിരിക്കേണ്ടതാണ്;

(ഘ) ഒരു ബെഞ്ചിൽ ചെയർപേഴ്സൺ അടങ്ങുന്നിടത്ത്, അങ്ങനെയുള്ള ബെഞ്ചിൽ ചെയർപേഴ്സൺ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്;

(ങ) ഒരു ബെഞ്ചിൽ ഒരു ജുഡീഷ്യൽ അംഗവും ചെയർപേഴ്സണല്ലാത്ത, ജുഡീഷ്യൽ അല്ലാത്ത ഒരു അംഗവും അടങ്ങുന്നിടത്ത് അങ്ങനെയുള്ള ജുഡീഷ്യൽ അംഗം ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്;

(ച) ലോക്പാലിന്റെ ബെഞ്ചുകൾ സാധാരണയായി ന്യൂഡൽഹിയിലും, ലോക്പാൽ റെഗുലേഷനുകൾ മുഖേന നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റുസ്ഥലങ്ങളിലും ഉപവേശനം നടത്തേണ്ടതാണ്.

(2) ഏതെല്ലാം പ്രദേശങ്ങളുമായി ബന്ധപ്പെട്ടാണ് ലോക്പാലിന്റെ ഓരോ ബെഞ്ചിനും അധികാരിത വിനിയോഗിക്കാവുന്നതെന്ന് ലോക്പാൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ചെയർപേഴ്സണ്, അതതുസമയം, ബെഞ്ചുകൾ രൂപീകരിക്കുന്നതിനോ പുനർരൂപീകരിക്കുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(4) ഏതെങ്കിലും കേസിന്റെയോ കാര്യത്തിന്റെയോ ഹിയറിംഗിന്റെ ഏതെങ്കിലും ഘട്ടത്തിൽ, ആ കേസോ കാര്യമോ മൂന്നോ അതിലധികമോ അംഗങ്ങൾ അടങ്ങുന്ന ഒരു ബെഞ്ച് കേൾക്കേണ്ട അങ്ങനെയുള്ള സ്വഭാവത്തിലുള്ളതാണെന്ന് ചെയർപേഴ്സണോ ഒരംഗത്തിനോ തോന്നുന്നുവെങ്കിൽ, ആ കേസോ കാര്യമോ ചെയർപേഴ്സൺ യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള ബെഞ്ചിലേക്ക് ചെയർപേഴ്സണ് കൈമാറ്റം ചെയ്യാവുന്നതോ, അതതുസംഗതിപോലെ, കൈമാറ്റം ചെയ്യപ്പെടുന്നതിന് അദ്ദേഹത്തിനു റഫർ ചെയ്യാവുന്നതോ ആണ്.

17. <u>ബെഞ്ചുകൾക്കിടയിൽ പ്രവൃത്തി വിഭജിച്ച് കൊടുക്കൽ.</u>—ബെഞ്ചുകൾ രൂപീകരിക്കുന്നിടത്ത്, ചെയർപേഴ്സണ്, അതതുസമയം, വിജ്ഞാപനം മുഖേന, ലോക്പാലിന്റെ പ്രവൃത്തി ബെഞ്ചുകൾക്കിടയിൽ വിഭജിച്ച് കൊടുക്കുന്നത്

സംബന്ധിച്ച് വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതും ഓരോ ബെഞ്ചിനും കൈകാര്യം ചെയ്യാവുന്ന കാര്യങ്ങൾക്കു വേണ്ടിയും കൂടി വ്യവസ്ഥ ചെയ്യാവുന്നതുമാണ്.

18. കേസുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള ചെയർപേഴ്സന്റെ അധികാരം.—പരാതിക്കാരനോ പബ്ലിക് സർവന്റോ നൽകിയ കൈമാറ്റത്തിനുള്ള ഒരു അപേക്ഷയിൻമേൽ, അതതുസംഗതിപോലെ, പരാതിക്കാരനോ പബ്ലിക് സർവന്റിനോ പറയുവാനുള്ളതു പറയുവാൻ ഒരവസരം നൽകിയശേഷം, ചെയർപേഴ്സണ് ഒരു ബെഞ്ചിനു മുൻപാകെ നിലവിലിരിക്കുന്ന ഏതെങ്കിലും കേസ് തീർപ്പാക്കലിനായി മറ്റേതെങ്കിലും ബെഞ്ചിനു കൈമാറാവുന്നതാണ്.

19. തീരുമാനം ഭൂരിപക്ഷ പ്രകാരമായിരിക്കണമെന്ന്.—ഇരട്ട എണ്ണം അംഗങ്ങൾ അടങ്ങുന്ന ഒരു ബെഞ്ചിലെ അംഗങ്ങൾക്ക് ഏതെങ്കിലും കാര്യത്തിൻമേൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ, അവർ തങ്ങൾ വിയോജിക്കുന്ന കാര്യമോ കാര്യങ്ങളോ പ്രസ്താവിക്കേണ്ടതും, ചെയർപേഴ്സണ് ഒരു റഫറൻസ് നടത്തേണ്ടതും, അദ്ദേഹം, ആ കാര്യമോ കാര്യങ്ങളോ സ്വയം കേൾക്കുകയോ ലോക്പാലിന്റെ മറ്റ് അംഗങ്ങളിൽ ഒന്നോ അതിലധികമോ അംഗങ്ങൾ അങ്ങനെയുള്ള കാര്യമോ കാര്യങ്ങളോ കേൾക്കുന്നതിനായി കേസ് റഫർ ചെയ്യേണ്ടതോ കേസ് കേട്ട ലോക്പാലിലെ അംഗങ്ങളുടെ, ആദ്യം കേട്ടവരുൾപ്പെടെ, ഭൂരിപക്ഷത്തിന്റെ അഭിപ്രായമനുസരിച്ച് അങ്ങനെയുള്ള കാര്യമോ കാര്യങ്ങളോ തീരുമാനിക്കപ്പെടേണ്ടതുമാണ്.

## അദ്ധ്യായം VII

## പ്രാഥമിക അന്വേഷണവിചാരണയും അന്വേഷണവും സംബന്ധിച്ച നടപടിക്രമം

20. പരാതികളും പ്രാഥമിക അന്വേഷണവിചാരണയും അന്വേഷണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ.—(1) ലോക്പാൽ, ഒരു പരാതി ലഭിക്കുന്നതിൻമേൽ, തുടർന്ന് മുന്നോട്ടുപോകണമെന്ന് അത് തീരുമാനിക്കുന്നുവെങ്കിൽ,—

(ക) ഇക്കാര്യത്തിൽ മുന്നോട്ട് പോകലിന് വേണ്ടി പ്രഥമദൃഷ്ട്യാ ഒരു കേസ് നിലനിൽക്കുന്നുണ്ടോ എന്നു തിട്ടപ്പെടുത്തുന്നതിന് അതിന്റെ അന്വേഷണവിചാരണ വിഭാഗം മുഖേനയോ ഏതെങ്കിലും ഏജൻസി (ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) മുഖേനയോ ഏതെങ്കിലും പബ്ലിക് സർവന്റിനെതിരായി പ്രാഥമിക അന്വേഷണവിചാരണയ്ക്കോ;

(ഖ) പ്രഥമദൃഷ്ട്യാ ഒരു കേസ് നിലനിൽക്കുമ്പോൾ, ഏതെങ്കിലും ഏജൻസി (ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) മുഖേനയുള്ള അന്വേഷണത്തിനോ,

ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ ലോക്പാൽ, പ്രാഥമിക അന്വേഷണവിചാരണയുമായി മുന്നോട്ട് പോകുന്നതിന് അത് തീരുമാനിച്ചിട്ടുണ്ടെങ്കിൽ, ഒരു പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവു മുഖേന, പരാതികളോ ഒരു വിഭാഗം പരാതികളോ അല്ലെങ്കിൽ ഗ്രൂപ്പ് 'എ' യിലോ ഗ്രൂപ്പ് 'ബി' യിലോ ഗ്രൂപ്പ് 'സി' യിലോ ഗ്രൂപ്പ് 'ഡി' യിലോ ഉൾപ്പെടുന്ന പബ്ലിക് സർവന്റുമാരെ സംബന്ധിച്ച് അതിനു ലഭിച്ചിട്ടുള്ള ഒരു പരാതിയോ സെൻട്രൽ വിജിലൻസ് കമ്മീഷൻ ആക്റ്റ്, 2003 (2003-ലെ 45)-ലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട സെൻട്രൽ വിജിലൻസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്:

എന്നുമാത്രമല്ല സെൻട്രൽ വിജിലൻസ് കമ്മീഷൻ, ഒന്നാം പരിമിതി വ്യവസ്ഥ പ്രകാരം അതിനു റഫർ ചെയ്യപ്പെട്ട പരാതികളെ സംബന്ധിച്ച്, ഗ്രൂപ്പ് 'എ' യിലും ഗ്രൂപ്പ് 'ബി' യിലും ഉൾപ്പെടുന്ന പബ്ലിക് സർവന്റുമാരെ സംബന്ധിച്ച് പ്രാഥമിക അന്വേഷണവിചാരണ നടത്തിയതിനുശേഷം ലോക്പാലിന് (2)-ഉം (4)-ഉം ഉപവകുപ്പുകളിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി അതിന്റെ റിപ്പോർട്ട് സമർപ്പിക്കേണ്ടതും ഗ്രൂപ്പ് 'സി'-യിലും ഗ്രൂപ്പ് 'ഡി'- യിലും ഉൾപ്പെടുന്ന പബ്ലിക് സർവന്റുമാരുടെ സംഗതിയിൽ, സെൻട്രൽ വിജിലൻസ് കമ്മീഷൻ ആക്റ്റ്, 2003 (2003-ലെ 45)-ലെ വ്യവസ്ഥകൾക്കനുസൃതമായി കമ്മീഷൻ മുന്നോട്ടു പോകേണ്ടതുമാണ്:

എന്നിരുന്നാലും (ഖ) ഖണ്ഡപ്രകാരം ഒരു അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ്, ലോക്പാൽ, അന്വേഷണത്തിനുള്ള കേസ് പ്രഥമദൃഷ്ട്യാ നിലനിൽക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി പബ്ലിക് സർവന്റിന്റെ വിശദീകരണം ആവശ്യപ്പെടേണ്ടതാണ്:

എന്നിരുന്നാലും ഒരു അന്വേഷണത്തിനുമുൻപ് പബ്ലിക് സർവന്റിൽ നിന്നുമുള്ള വിശദീകരണം തേടൽ, ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും ഏജൻസി (ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) മുഖേന നടത്തേണ്ടത് ആവശ്യമായ തെരച്ചിലിനെയും പിടിച്ചെടുക്കലിനെയും, എന്തെങ്കിലും ഉണ്ടെങ്കിൽ, തടസ്സപ്പെടുത്തുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രാഥമിക അന്വേഷണവിചാരണ ക്കാലത്ത് അന്വേഷണവിചാരണ വിഭാഗമോ ഏതെങ്കിലും ഏജൻസിയോ (ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) ഒരു പ്രാഥമിക അന്വേഷണ വിചാരണ നടത്തേണ്ടതും ശേഖരിക്കപ്പെട്ട സാധനത്തിന്റെയും വിവരത്തിന്റെയും രേഖകളുടെയും അടിസ്ഥാനത്തിൽ, പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് പബ്ലിക്സർവന്റിൽ നിന്നും ക്ഷമതയുള്ള അധികാര സ്ഥാനത്തുനിന്നും അഭിപ്രായങ്ങൾ തേടേണ്ടതും ബന്ധപ്പെട്ട പബ്ലിക് സർവന്റിന്റെയും ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെയും അഭിപ്രായങ്ങൾ ലഭിച്ചതിനുശേഷം റഫറൻസ് കൈപ്പറ്റിയ തീയതി മുതൽ അറുപതു ദിവസത്തിനകം ലോക്പാലിന് ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(3) ലോക്പാലിന്റെ മൂന്നിൽ കുറയാത്ത അംഗങ്ങൾ അടങ്ങുന്ന ഒരു ബെഞ്ച്, അന്വേഷണവിചാരണ വിഭാഗത്തിൽ നിന്നോ ഏതെങ്കിലും ഏജൻസിയിൽ നിന്നോ (ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ), (2)-ാം ഉപവകുപ്പുപ്രകാരം ലഭിച്ച ഓരോ റിപ്പോർട്ടും പരിഗണിക്കേണ്ടതും പബ്ലിക് സർവന്റിന് പറയുവാനുള്ളതു പറയുവാനുള്ള ഒരു അവസരം നൽകിയശേഷം പ്രഥമദൃഷ്ട്യാ ഒരു കേസ് നിലനിൽക്കുന്നുണ്ടോ എന്നു തീരുമാനിക്കേണ്ടതും താഴെപ്പറയുന്ന ഒന്നോ അതിലധികമോ നടപടികളുമായി മുന്നോട്ടു പോകേണ്ടതുമാണ്, അതായത്:—

(ക) ഏതെങ്കിലും ഏജൻസിയോ ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റോ, അതതുസംഗതിപോലെ, മുഖേനയുള്ള അന്വേഷണം;

(ഖ) ബന്ധപ്പെട്ട പബ്ലിക് സർവന്റുമാർക്കെതിരെ ക്ഷമതയുള്ള അധികാര സ്ഥാനം മുഖേനയുള്ള വകുപ്പുതല നടപടികളോ ഉചിതമായ മറ്റേതെങ്കിലും നടപടിയോ ആരംഭിക്കൽ;

(ഗ) പബ്ലിക് സർവന്റിനെതിരെയുള്ള നടപടികൾ അവസാനിപ്പിക്കലും 46-ാം വകുപ്പുപ്രകാരം പരാതിക്കാരന് എതിരായി നടപടി എടുക്കലും.

(4) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഓരോ പ്രാഥമിക അന്വേഷണവിചാരണയും പരാതി കൈപ്പറ്റിയ തീയതി മുതൽ സാധാരണയായി തൊണ്ണൂറ് ദിവസക്കാലയളവിനകവും ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ വീണ്ടും ഒരു തൊണ്ണൂറ് ദിവസക്കാലയളവിനകവും പൂർത്തിയാക്കേണ്ടതാണ്.

(5) പരാതിയെക്കുറിച്ച് അന്വേഷണം തുടരുന്നതിന് ലോക്പാൽ തീരുമാനിക്കുന്നുവെങ്കിൽ, അത് ഏതെങ്കിലും ഏജൻസിയോട് (ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) കഴിയുന്നതും വേഗത്തിൽ അന്വേഷണം നടത്തുന്നതിനും അതിന്റെ ഉത്തരവിന്റെ തീയതി മുതൽ ആറുമാസക്കാലയളവിനുള്ളിൽ അന്വേഷണം പൂർത്തിയാക്കുന്നതിനും നിർദ്ദേശിക്കേണ്ടതാണ്:

എന്നാൽ ലോക്പാലിന്, ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ പ്രസ്തുത കാലയളവ് ഒരു സമയം ആറുമാസത്തിൽ അധികരിക്കാത്ത വീണ്ടുമുള്ള ഒരു കാലയളവിലേക്ക് ദീർഘിപ്പിക്കാവുന്നതാണ്.

(6) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 173-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും ഏജൻസി (ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ), ലോക്പാൽ അതിന് റഫർ ചെയ്യുന്ന കേസുകളെ സംബന്ധിച്ച്, അന്വേഷണ റിപ്പോർട്ട് അധികാരിതയുള്ള കോടതിക്ക് ആ വകുപ്പുപ്രകാരം സമർപ്പിക്കേണ്ടതും അതിന്റെ ഒരു പകർപ്പ് ലോക്പാലിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(7) ലോക്പാലിന്റെ മൂന്നിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയ ഒരു ബെഞ്ച്, ഏതെങ്കിലും ഏജൻസിയിൽ നിന്നും (ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) (6)-ാം ഉപവകുപ്പുപ്രകാരം അതിനു ലഭിക്കുന്ന ഓരോ റിപ്പോർട്ടും പരിഗണിക്കേണ്ടതും അതിന്, ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെയും പബ്ലിക് സർവന്റിന്റെയും അഭിപ്രായങ്ങൾ ലഭിച്ചതിനുശേഷം—

(ക) കുറ്റപത്രം ഫയൽ ചെയ്യുന്നതിന് അതിന്റെ പ്രോസിക്യൂഷൻ വിഭാഗത്തിനോ അന്വേഷണ ഏജൻസിക്കോ അനുമതി നൽകുകയോ പബ്ലിക് സർവന്റിനെതിരെ പ്രത്യേക കോടതി മുൻപാകെയുള്ള റിപ്പോർട്ട് അവസാനിപ്പിക്കലിന് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്;

(ഖ) ബന്ധപ്പെട്ട പബ്ലിക്സർവന്റിനെതിരെ വകുപ്പുതല നടപടികളോ മറ്റേതെങ്കിലും ഉചിതമായ നടപടിയോ ആരംഭിക്കുന്നതിന് ക്ഷമതയുള്ള അധികാരസ്ഥാനത്തോട് നിർദ്ദേശിക്കാവുന്നതാണ്.

(8) ലോക്പാലിന്, കുറ്റപത്രം ഫയൽ ചെയ്യുന്നതിനെക്കുറിച്ച് (7)-ാം ഉപവകുപ്പുപ്രകാരം ഒരു തീരുമാനം എടുത്തതിനുശേഷം, അതിന്റെ പ്രോസിക്യൂഷൻ വിഭാഗത്തിനോടോ ഏതെങ്കിലും അന്വേഷണ ഏജൻസിയോടോ

(ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) ആ ഏജൻസി മുഖേന അന്വേഷണം നടത്തിയിട്ടുള്ള കേസുകളെ സംബന്ധിച്ച് പ്രത്യേക കോടതിയിൽ പ്രോസിക്യൂഷൻ ആരംഭിക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

(9) ലോക്പാലിന്, പ്രാഥമിക അന്വേഷണ വിചാരണയുടെ കാലയളവിലോ അന്വേഷണത്തിന്റെ കാലയളവിലോ, അതതുസംഗതിപോലെ, അതിനു യുക്തമെന്നു തോന്നുന്ന പ്രാഥമിക അന്വേഷണവിചാരണയ്ക്കോ, അതതുസംഗതിപോലെ, അന്വേഷണത്തിനോ പ്രസക്തമായ രേഖകളുടെ സുരക്ഷിതമായ സൂക്ഷിപ്പിന് ഉചിതമായ ഉത്തരവുകൾ പാസ്സാക്കാവുന്നതാണ്.

(10) ലോക്പാലിന്റെ വെബ്സൈറ്റ്, അതിന്റെ മുമ്പാകെ നിലവിലുള്ളതോ അത് തീർപ്പുകൽപ്പിച്ചതോ ആയ പരാതികളുടെ എണ്ണത്തിന്റെ സ്ഥിതി, അതതുസമയത്തും റെഗുലേഷനുകൾ മുഖേന നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള രീതിയിലും പൊതുജനത്തിനായി പ്രദർശിപ്പിക്കേണ്ടതാണ്.

(11) ലോക്പാലിന്, പ്രാഥമിക അന്വേഷണവിചാരണയിലോ അന്വേഷണ ത്തിലോ അല്ലെങ്കിൽ അതിനാലോ പ്രത്യേക കോടതിയാലോ ഉള്ള ഒരു കേസ് നടത്തിപ്പ് എന്നീ പ്രക്രിയകളിൽ ആവശ്യമാകാൻ ഇടയുള്ള അസ്സൽ രേഖകളും തെളിവുകളും സൂക്ഷിക്കാവുന്നതാണ്.

(12) മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, ഈ ആക്റ്റ് പ്രകാരം ഒരു പ്രാഥമിക അന്വേഷണവിചാരണയോ അന്വേഷണമോ നടത്തുന്ന രീതിയും നടപടിക്രമവും (പബ്ലിക് സർവന്റിന് ലഭ്യമാക്കേണ്ട അങ്ങനെയുള്ള വിവരവും രേഖകളും ഉൾപ്പെടെ) റെഗുലേഷനുകൾ മുഖേന നിർണ്ണയിക്കാവുന്ന അങ്ങ നെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

21. <u>പ്രതികൂലമായി ബാധിക്കാനിടയുള്ള ആളുകളെ കേൾക്കണമെന്ന്.</u>—നടപടി യുടെ ഏതെങ്കിലും ഘട്ടത്തിൽ ലോക്പാൽ—

(ക) പ്രതിയല്ലാത്ത ഏതെങ്കിലും ആളിന്റെ പെരുമാറ്റത്തെക്കുറിച്ച് അന്വേഷണവിചാരണ നടത്തേണ്ടത് ആവശ്യമാണെന്ന് കരുതുന്നുവെങ്കിലോ;

(ഖ) പ്രതിയല്ലാത്ത ഏതെങ്കിലും ആളുടെ സൽപ്പേരിന് പ്രാഥമിക അന്വേഷണവിചാരണ പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്ന് അഭിപ്രായ മുണ്ടെങ്കിലോ,

സ്വാഭാവികനീതിതത്വങ്ങൾക്കു സംഗതമായി, ലോക്പാൽ, ആ ആളിന് പ്രാഥമിക അന്വേഷണവിചാരണയിൽ പറയുവാനുള്ളത് പറയുവാനും അയാളുടെ പ്രതിവാദത്തിനുള്ള തെളിവ് ഹാജരാക്കുന്നതിനും ന്യായമായ ഒരവസരം നൽകേണ്ടതാണ്.

22. <u>ലോക്പാലിന് പബ്ലിക്സർവന്റിനോടോ മറ്റേതെങ്കിലും ആളിനോടോ വിവരം മുതലായവ നൽകുന്നതിന് ആവശ്യപ്പെടാമെന്ന്.</u>—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, ഏതെങ്കിലും പ്രാഥമിക അന്വേഷണ വിചാരണയുടെയോ അന്വേഷണത്തിന്റെയോ ആവശ്യത്തിലേയ്ക്കായി, ലോക്പാലിനോ അന്വേഷണ ഏജൻസിക്കോ, അതതുസംഗതിപോലെ, അതിന്റെ അഭിപ്രായത്തിൽ അങ്ങനെയുള്ള പ്രാഥമിക അന്വേഷണവിചാരണയ്ക്കോ അന്വേഷണത്തിനോ പ്രസക്തമായ വിവരം നൽകാനോ രേഖകൾ ഹാജരാക്കാനോ കഴിയുന്ന ഏതെങ്കിലും പബ്ലിക്സർവന്റിനോടോ മറ്റേതെങ്കിലും ആളിനോടോ അങ്ങനെയുള്ള ഏതെങ്കിലും വിവരം നൽകുന്നതിനോ അങ്ങനെയുള്ള ഏതെങ്കിലും രേഖ ഹാജരാക്കുന്നതിനോ ആവശ്യപ്പെടാവുന്നതാണ്.

23. <u>പ്രോസിക്യൂഷൻ ആരംഭിക്കാൻ അനുമതി നൽകുന്നതിനുള്ള ലോക്പാലിന്റെ അധികാരം.</u>—(1) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 197-ാം വകുപ്പിലോ ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ്, 1946 (1946-ലെ 25)-ലെ 6എ വകുപ്പിലോ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988-ലെ 49)-ലെ 19-ാം വകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ലോക്പാലിന്, 20-ാം വകുപ്പ് (7)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം പ്രോസിക്യൂഷന് അനുമതി നൽകുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) ഔദ്യോഗിക കർത്തവ്യം നിർവ്വഹിക്കുമ്പോഴോ നിർവ്വഹിക്കുന്നതായി കരുതപ്പെടുമ്പോഴോ ഏതെങ്കിലും കുറ്റം അയാൾ ചെയ്തു എന്ന് ആരോപിക്കപ്പെട്ട് പ്രതിയാക്കപ്പെട്ട ഏതെങ്കിലും പബ്ലിക് സർവന്റിനെതിരെ (1)-ാം ഉപവകുപ്പു പ്രകാരമുള്ള യാതൊരു പ്രോസിക്യൂഷനും ആരംഭിക്കാൻ പാടില്ലാത്തതും ലോക്പാലിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു കോടതിയും അങ്ങനെയുള്ള കുറ്റം നടപടിയ്ക്കെടുക്കാൻ പാടില്ലാത്തതുമാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ അടങ്ങിയിട്ടുള്ള യാതൊന്നും ഭരണഘടനയിലെ വ്യവസ്ഥകൾക്കനുസൃതമായി ഉദ്യോഗം വഹിക്കുന്ന ആളുകളെ സംബന്ധിച്ച്, കൂടാതെ അങ്ങനെയുള്ള ആളിന്റെ നീക്കം ചെയ്യലിനുള്ള ഒരു

നടപടിക്രമം അതിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായവരെ സംബന്ധിച്ച്, ബാധകമാകുന്നതല്ല.

(4) (1)-ഉം (2)-ഉം (3)-ഉം ഉപവകുപ്പുകളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ ഭരണഘടനയിലെ 311-ാം അനുച്ഛേദത്തിലും 320-ാം അനുച്ഛേദത്തിലെ (3)-ാം ഖണ്ഡം (ഗ) ഉപഖണ്ഡത്തിലും അടങ്ങിയിരിക്കുന്ന വ്യവസ്ഥകളുടെ സാമാന്യതയ്ക്കു ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

24. <u>പ്രധാനമന്ത്രിയോ മന്ത്രിമാരോ പാർലമെന്റ് അംഗങ്ങളോ ആയിരിക്കുന്ന പബ്ലിക്സർവന്റിനെതിരെ അന്വേഷണത്തിൻമേലുള്ള നടപടി.</u>—അന്വേഷണത്തിന്റെ സമാപനത്തിനുശേഷം, 14-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ (ഗ) ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള ഒരു പബ്ലിക് സർവന്റ് പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988-ലെ 49) പ്രകാരമുള്ള ഒരു കുറ്റം ചെയ്തതായി ലോക്പാലിന്റെ കണ്ടെത്തലുകൾ വെളിപ്പെടുന്നിടത്ത്, ലോക്പാലിന് പ്രത്യേക കോടതിയിൽ ഒരു കേസ് ഫയൽ ചെയ്യാവുന്നതും റിപ്പോർട്ടിന്റെ ഒരു പകർപ്പ് അതിന്റെ കണ്ടെത്തലുകൾ സഹിതം ക്ഷമതയുള്ള അധികാരസ്ഥാനത്തിന് അയച്ചു കൊടുക്കേണ്ടതുമാണ്.

## അദ്ധ്യായം VIII
## ലോക്പാലിന്റെ അധികാരങ്ങൾ

25. <u>ലോക്പാലിന്റെ മേൽനോട്ട അധികാരങ്ങൾ.</u>—(1) ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ്, 1946 (1946-ലെ 25)-ലെ 4-ാം വകുപ്പിലും സെൻട്രൽ വിജിലൻസ് കമ്മീഷൻ ആക്റ്റ്, 2003 (2003-ലെ 45)-ലെ 8-ാം വകുപ്പിലും എന്തുതന്നെ അടങ്ങിയിരുന്നാലും, ലോക്പാലിന്, ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റിനുമേൽ മേൽനോട്ടത്തിനും, പ്രാഥമിക അന്വേഷണ വിചാരണയ്ക്കോ അന്വേഷണത്തിനോ ഈ വകുപ്പ് പ്രകാരം ലോക്പാൽ ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷമെന്റിന് റഫർ ചെയ്യുന്ന കാര്യങ്ങൾ സംബന്ധിച്ച് ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റിന് നിർദ്ദേശം നൽകുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം മേൽനോട്ടത്തിനോ നിർദ്ദേശം നൽകുന്നതിനോ ഉള്ള അധികാരങ്ങൾ വിനിയോഗിക്കുമ്പോൾ, അന്വേഷണം നൽകപ്പെട്ട ഏതെങ്കിലും ഏജൻസിയോട് (ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) ഏതെങ്കിലും കേസ് ഒരു പ്രത്യേക രീതിയിൽ

അന്വേഷിക്കുന്നതിനും തീർപ്പാക്കുന്നതിനും ആവശ്യപ്പെടുന്ന അങ്ങനെയുള്ള ഒരു രീതിയിൽ അധികാരങ്ങൾ വിനിയോഗിക്കാൻ പാടില്ലാത്തതാണ്.

(2) സെൻട്രൽ വിജിലൻസ് കമ്മീഷൻ, ലോക്പാൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഇടവേളയിൽ, 20-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ രണ്ടാം പരിമിതി വ്യവസ്ഥ പ്രകാരം അതിന് റഫർ ചെയ്യപ്പെട്ട പരാതികളിൻമേൽ എടുത്ത നടപടി സംബന്ധിച്ച് ലോക്പാലിന് ഒരു സ്റ്റേറ്റ്മെന്റ് അയച്ചു കൊടുക്കേണ്ടതും അങ്ങനെയുള്ള സ്റ്റേറ്റ്മെന്റ് ലഭിക്കുന്നതിൻമേൽ, ലോക്പാലിന്, അങ്ങനെയുള്ള കേസുകളുടെ ഫലപ്രദവും സത്വരവുമായ തീർപ്പാക്കലിനുവേണ്ടി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതുമാണ്.

(3) ലോക്പാൽ ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റിന് റഫർ ചെയ്ത ഒരു കേസ് അന്വേഷിക്കുന്ന അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനെ ലോക്പാലിന്റെ അംഗീകാരം കൂടാതെ സ്ഥലംമാറ്റാൻ പാടില്ലാത്തതാണ്.

(4) ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റിന്, ലോക്പാലിന്റെ സമ്മതത്തോടെ ലോക്പാൽ അതിന് റഫർ ചെയ്യുന്ന കേസുകൾ നടത്തുന്നതിനുവേണ്ടി സർക്കാർ അഭിഭാഷകരല്ലാത്ത അഭിഭാഷകരുടെ ഒരു പാനലിനെ നിയമിക്കാവുന്നതാണ്.

(5) കേന്ദ്ര സർക്കാർ, ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഡയറക്ടർക്ക് ആവശ്യമാകാവുന്ന അങ്ങനെയുള്ള ഫണ്ടുകൾ, ലോക്പാൽ ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റിന് റഫർ ചെയ്യുന്ന കാര്യങ്ങളിൽ ഫലപ്രദമായ അന്വേഷണം നടത്തുന്നതിനുവേണ്ടി അതതുസമയം ലഭ്യമാക്കേണ്ടതും അങ്ങനെയുള്ള അന്വേഷണം നടത്തുന്നതിന് നേരിടുന്ന ചെലവിന് ഡയറക്ടർ ഉത്തരവാദിയായിരിക്കുന്നതുമാണ്.

26. <u>ശോധനയും പിടിച്ചെടുക്കലും.</u>—(1) ലോക്പാലിന്, അതിന്റെ അഭിപ്രായത്തിൽ, ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും അന്വേഷണത്തിന് പ്രയോജനപ്രദമോ പ്രസക്തമോ ആകുന്ന ഏതെങ്കിലും രേഖ ഏതെങ്കിലും സ്ഥലത്ത് രഹസ്യമായി സൂക്ഷിക്കുന്നുവെന്ന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, അതിന്, അന്വേഷണം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും ഏജൻസിയെ (ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) അങ്ങനെയുള്ള രേഖകൾക്കുവേണ്ടി ശോധന നടത്തുന്നതിനും അവ പിടിച്ചെടുക്കുന്നതിനും അധികാരപ്പെടുത്താവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും അന്വേഷണത്തിന്റെ ആവശ്യത്തിലേയ്ക്ക് (1)-ാം ഉപവകുപ്പു പ്രകാരം പിടിച്ചെടുക്കപ്പെട്ട ഏതെങ്കിലും രേഖ തെളിവായി ഉപയോഗിക്കപ്പെടാമെന്നും ആ രേഖ അതിന്റെ കസ്റ്റഡിയിലോ അധികാരപ്പെടുത്താവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെ കസ്റ്റഡിയിലോ സൂക്ഷിക്കേണ്ടത് ആവശ്യമാണെന്നും ലോക്പാലിന് ബോദ്ധ്യമാകുന്നുവെങ്കിൽ, അങ്ങനെയുള്ള അന്വേഷണത്തിന്റെ പൂർത്തിയാക്കൽ വരെ അങ്ങനെയുള്ള രേഖ അതിന് അപ്രകാരം സൂക്ഷിക്കാവുന്നതോ അങ്ങനെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോട് സൂക്ഷിക്കാൻ നിർദ്ദേശിക്കാവുന്നതോ ആണ്:

എന്നാൽ ഏതെങ്കിലും രേഖ മടക്കി നൽകേണ്ടത് ആവശ്യമാകുന്നിടത്ത്, ലോക്പാലോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അങ്ങനെയുള്ള രേഖയുടെ യഥാവിധി പ്രമാണീകരിച്ച പകർപ്പുകൾ സൂക്ഷിച്ചശേഷം അവ മടക്കി നൽകാവുന്നതാണ്.

27. <u>ചില സംഗതികളിൽ ലോക്പാലിന് സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കുമെന്ന്</u>.—(1) ഈ വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ഏതെങ്കിലും പ്രാഥമിക അന്വേഷണവിചാരണയുടെ ആവശ്യത്തിലേക്ക് ലോക്പാലിന്റെ അന്വേഷണവിചാരണ വിഭാഗത്തിന് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ഏതെങ്കിലും ആളെ വിളിച്ചുവരുത്തുന്നതിനും ഹാജരാകൽ ഉറപ്പു വരുത്തുന്നതിനും ശപഥത്തിൻമേൽ അയാളെ വിസ്തരിക്കുന്നതിനും;

(ii) ഏതെങ്കിലും രേഖയുടെ കണ്ടെത്തലും ഹാജരാക്കലും ആവശ്യപ്പെടുന്നതിന്;

(iii) സത്യവാങ്മൂലങ്ങളിൻമേൽ തെളിവു സ്വീകരിക്കുന്നതിന്;

(iv) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിന്;

(v) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി കമ്മീഷനുകളെ നിയോഗിക്കുന്നതിന്:

എന്നാൽ ഒരു സാക്ഷിയുടെ സംഗതിയിൽ, ലോക്പാലിന്റെ അഭിപ്രായത്തിൽ സാക്ഷി ലോക്പാലിന്റെ മുമ്പാകെയുള്ള നടപടിയിൽ ഹാജരാകുന്നതിനുള്ള ഒരു അവസ്ഥയിലല്ലാത്തിടത്ത് മാത്രമേ അങ്ങനെയുള്ള കമ്മീഷനെ നിയോഗിക്കാൻ പാടുള്ളൂ; കൂടാതെ

(vi) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റുകാര്യങ്ങൾക്ക്.

(2) ലോക്പാലിന്റെ മുൻപാകെയുള്ള ഏതൊരു നടപടിയും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-ലെ 193-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിലെ ഒരു നീതിന്യായ നടപടിയായി കരുതപ്പെടേണ്ടതാണ്.

28. <u>കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ലോക്പാലിന്റെ അധികാരം</u>.—(1) ലോക്പാലിന്, ഏതെങ്കിലും പ്രാഥമിക അന്വേഷണവിചാരണയോ അന്വേഷണമോ നടത്തുന്ന ആവശ്യത്തിലേയ്ക്കായി കേന്ദ്ര സർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ, അതതുസംഗതിപോലെ, ഉദ്യോഗസ്ഥന്റെയോ സംഘടനയുടെയോ അന്വേഷണ ഏജൻസിയുടെയോ സേവനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

(2) പ്രാഥമിക അന്വേഷണവിചാരണയുടെയോ അങ്ങനെയുള്ള അന്വേഷണവിചാരണയോ അന്വേഷണമോ സംബന്ധിച്ചുള്ള ഏതെങ്കിലും കാര്യത്തിന്റെ അന്വേഷണത്തിനോ ഉള്ള ആവശ്യത്തിലേയ്ക്കായി, (1)-ാം ഉപവകുപ്പു പ്രകാരം ആരുടെ സേവനങ്ങളാണോ പ്രയോജനപ്പെടുത്തുന്നത് അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ സംഘടനയ്ക്കോ ഏജൻസിക്കോ, ലോക്പാലിന്റെ മേൽനോട്ടത്തിനും നിർദ്ദേശത്തിനും വിധേയമായി,—

(ക) ഏതെങ്കിലും ആളെ വിളിച്ചുവരുത്തുകയും ഹാജരാക്കിക്കുകയും അയാളെ വിസ്തരിക്കുകയും;

(ഖ) ഏതെങ്കിലും രേഖയുടെ കണ്ടെത്തലും ഹാജരാക്കലും ആവശ്യപ്പെടുകയും;

(ഗ) ഏതെങ്കിലും ഓഫീസിൽ നിന്നും ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുകയും,
ചെയ്യാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം ആരുടെ സേവനങ്ങളാണോ പ്രയോജനപ്പെടുത്തുന്നത് ആ ഉദ്യോഗസ്ഥനോ സംഘടനയോ ഏജൻസിയോ, അന്വേഷണവിചാരണ അല്ലെങ്കിൽ, അതതുസംഗതിപോലെ, പ്രാഥമിക അന്വേഷണ വിചാരണയോ അന്വേഷണമോ സംബന്ധിച്ച ഏതൊരു കാര്യത്തിന്റെയും അന്വേഷണം നടത്തേണ്ടതും ലോക്പാലിന്, അത് ഇതിലേക്ക് നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള കാലയളവിനുള്ളിൽ അതിൻമേലുള്ള റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

29. <u>ആസ്തികളുടെ താത്കാലിക ജപ്തി.</u>—(1) ലോക്പാലിനോ അത് ഇതിലേക്ക് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ—

(ക) അഴിമതിയിലൂടെയുള്ള ഏതെങ്കിലും വരവ് ഏതെങ്കിലും ആളുടെ കൈവശമുണ്ടെന്നോ;

(ഖ) അങ്ങനെയുള്ള ആൾ അഴിമതിയുമായി ബന്ധപ്പെട്ട ഒരു കുറ്റം ചെയ്തതിന് കുറ്റാരോപിതനാണെന്നോ;

(ഗ) കുറ്റത്തിൽ നിന്നുള്ള അങ്ങനെയുള്ള വരവ് ഒളിപ്പിക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ അല്ലെങ്കിൽ കുറ്റത്തിൽ നിന്നുള്ള അങ്ങനെയുള്ള വരവ് കണ്ടുകെട്ടലുമായി ബന്ധപ്പെട്ട ഏതെങ്കിലും നടപടികൾ വിഫലമാക്കാവുന്നതിൽ കലാശിക്കാവുന്ന ഏതെങ്കിലും രീതിയിൽ കൈകാര്യം ചെയ്യുന്നതിന് സാദ്ധ്യതയുണ്ടെന്നോ,

തന്റെ പക്കലുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശ്വസിക്കാൻ കാരണമുള്ളിടത്ത്, അങ്ങനെയുള്ള വിശ്വാസത്തിനുള്ള കാരണം ലിഖിതമായി രേഖപ്പെടുത്തേണ്ടതാണ്, ലോക്പാലിനോ അധികാരം നൽകപ്പെട്ട ഉദ്യോഗസ്ഥനോ, ലിഖിതമായ ഉത്തരവ് മുഖേന, ഇൻകം ടാക്സ് ആക്റ്റ്, 1961 (1961-ലെ 43)-ലെ രണ്ടാം പട്ടികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ അങ്ങനെയുള്ള വസ്തുക്കൾ ആ ഉത്തരവിന്റെ തീയതി മുതൽ തൊണ്ണൂറ് ദിവസത്തിൽ കവിയാത്ത ഒരു കാലയളവിലേയ്ക്ക് താൽക്കാലികമായി ജപ്തി ചെയ്യാവുന്നതും, ലോക്പാലും ആ

ഉദ്യോഗസ്ഥനും ആ പട്ടികയുടെ 1-ാം ചട്ടം (ങ) ഉപചട്ടപ്രകാരമുള്ള ഒരു ഉദ്യോഗസ്ഥനായി കരുതപ്പെടേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ജപ്തിക്ക് ശേഷം, ഉടനെ, ലോക്പാലോ ഇതിലേയ്ക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആ ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള, അദ്ദേഹത്തിന്റെ കൈവശമുള്ള വസ്തുതകൾ സഹിതം ഉത്തരവിന്റെ ഒരു പകർപ്പ് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ മുദ്ര വച്ച ഒരു കവറിൽ പ്രത്യേക കോടതിക്ക് അയച്ചുകൊടുക്കേണ്ടതും അങ്ങനെയുള്ള കോടതിക്ക് ജപ്തി ഉത്തരവ് ദീർഘിപ്പിക്കാവുന്നതും കോടതിക്ക് യുക്തമെന്നു തോന്നാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് അങ്ങനെയുള്ള വസ്തുത സൂക്ഷിക്കാവുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഓരോ ജപ്തി ഉത്തരവും ആ ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള കാലയളവ് അവസാനിച്ചശേഷമോ (2)-ാം ഉപവകുപ്പു പ്രകാരം പ്രത്യേക കോടതി നിർദ്ദേശിക്കുന്ന പ്രകാരമുള്ള കാലയളവ് അവസാനിച്ചശേഷമോ പ്രാബല്യമില്ലാതായിത്തീരുന്നതാണ്.

(4) ഈ വകുപ്പിലെ യാതൊന്നും (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം ജപ്തി ചെയ്യപ്പെട്ട സ്ഥാവര വസ്തുവിന്റെ അനുഭവത്തിന് അവകാശമുള്ള ഒരാളെ അങ്ങനെയുള്ള അനുഭവത്തിൽ നിന്നും തടയുന്നതല്ല.

*വിശദീകരണം.*—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഏതെങ്കിലും സ്ഥാവര വസ്തു സംബന്ധിച്ച് "അവകാശമുള്ള ആൾ" എന്നതിൽ ആ വസ്തുവിൽ എന്തെങ്കിലും അവകാശമുള്ളതായി അവകാശവാദം ഉന്നയിക്കുന്നതോ അവകാശ വാദം ഉന്നയിക്കാൻ അർഹതയുള്ളതോ ആയ എല്ലാ ആളുകളും ഉൾപ്പെടുന്നതാകുന്നു.

30. <u>ആസ്തികളുടെ ജപ്തിയുടെ സ്ഥിരീകരണം.</u>—(1) ലോക്പാൽ, 29-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും വസ്തു താൽക്കാലികമായി ജപ്തി ചെയ്യുമ്പോൾ അങ്ങനെയുള്ള ജപ്തിയുടെ മുപ്പതു ദിവസക്കാലയളവിനുള്ളിൽ പ്രത്യേക കോടതി മുൻപാകെ അങ്ങനെയുള്ള ജപ്തിയുടെ വസ്തുതകൾ പ്രസ്താവിച്ചുകൊണ്ട് ഒരു അപേക്ഷ ഫയൽ ചെയ്യുന്നതിനും പ്രത്യേക കോടതിയിൽ പബ്ലിക് സർവന്റിനെതിരെയുള്ള നടപടികൾ പൂർത്തിയാകുന്നതുവരെ ആ വസ്തുവിന്റെ ജപ്തിയുടെ സ്ഥിരീകരണത്തിന് അപേക്ഷിക്കുന്നതിനും അതിന്റെ പ്രോസിക്യൂഷൻ വിഭാഗത്തോട് നിർദ്ദേശിക്കേണ്ടതാണ്.

(2) പ്രത്യേക കോടതിയ്ക്ക്, താൽക്കാലികമായി ജപ്തി ചെയ്യപ്പെട്ട വസ്തു അഴിമതിമാർഗ്ഗങ്ങളിലൂടെ ആർജ്ജിച്ചതാണെന്ന് അതിന് അഭിപ്രായമുണ്ടെങ്കിൽ, പബ്ലിക് സർവന്റിനെതിരെ പ്രത്യേക കോടതിയിലുള്ള നടപടികളുടെ പൂർത്തിയാക്കൽ വരെ അങ്ങനെയുള്ള വസ്തുവിന്റെ ജപ്തിയുടെ സ്ഥിരീകരണത്തിന് ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(3) പബ്ലിക് സർവന്റിനെതിരെ തയ്യാറാക്കിയ ചാർജ്ജുകൾ സംബന്ധിച്ച് പിന്നീട് അയാളെ കുറ്റവിമുക്തനാക്കുകയാണെങ്കിൽ, പ്രത്യേക കോടതിയുടെ ഉത്തരവിനു വിധേയമായി, ആ വസ്തു, ജപ്തി നിലവിലുള്ള കാലയളവിൽ അങ്ങനെയുള്ള വസ്തുവിൽ നിന്നും ലഭിക്കുമായിരുന്ന ആദായ സഹിതം ബന്ധപ്പെട്ട പബ്ലിക് സർവന്റിന് തിരികെ കൊടുക്കേണ്ടതാണ്.

(4) ഒരു പബ്ലിക് സർവന്റ് അഴിമതി ആരോപണങ്ങൾ സംബന്ധിച്ച് പിന്നീട് കുറ്റസ്ഥാപനം ചെയ്യപ്പെട്ടാൽ, പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988-ലെ 49) പ്രകാരമുള്ള കുറ്റവുമായി ബന്ധപ്പെടാവുന്ന വരവ് കണ്ടുകെട്ടപ്പെടേണ്ടതും ഏതെങ്കിലും ബാങ്കിനോ ധനകാര്യസ്ഥാപനത്തിനോ ചെല്ലേണ്ട കടമൊഴിവാക്കി യാതൊരു ബാദ്ധ്യതയോ പാട്ടവസ്തുവിലുള്ള അവകാശമോ ഇല്ലാതെ കേന്ദ്ര സർക്കാരിലേക്ക് നിക്ഷിപ്തമാക്കപ്പെടേണ്ടതുമാണ്.

*വിശദീകരണം.*—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, ''ബാങ്ക്'', ''കടം'', ''ധനകാര്യസ്ഥാപനം'' എന്നീ പദപ്രയോഗങ്ങൾക്ക്, ബാങ്കുകൾക്കും ധനകാര്യസ്ഥാപനങ്ങൾക്കും കിട്ടാനുള്ള കടങ്ങൾ വസൂലാക്കൽ ആക്റ്റ്, 1993 (1993-ലെ 51)-ലെ 2-ാം വകുപ്പ് (ഘ)-യും (ഛ)-യും (ജ)-യും ഖണ്ഡങ്ങളിൽ യഥാക്രമം അവയ്ക്കു നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

31. <u>പ്രത്യേക സാഹചര്യങ്ങളിൽ അഴിമതിയുടെ മാർഗ്ഗങ്ങളിലൂടെ സംജാതമായതോ നേടിയതോ ആയ ആസ്തികളുടെയും വരവുകളുടെയും വാങ്ങലുകളുടെയും ആദായങ്ങളുടെയും കണ്ടുകെട്ടൽ.</u>—(1) 29-ഉം 30-ഉം വകുപ്പുകളിലെ വ്യവസ്ഥകൾക്കു ഭംഗം വരാതെ, ആസ്തികളും വരവുകളും വാങ്ങലുകളും ആദായങ്ങളും, എന്തുപേര് പറഞ്ഞാലും, അഴിമതിയുടെ മാർഗ്ഗങ്ങളിലൂടെ പബ്ലിക് സർവന്റിന് സംജാതമായതോ അയാൾ നേടിയതോ ആണെന്ന് പ്രത്യേക കോടതിക്ക് പ്രഥമദൃഷ്ട്യാ ഉള്ള തെളിവിന്റെ അടിസ്ഥാനത്തിൽ വിശ്വസിക്കാൻ കാരണമുണ്ടാകുകയോ ബോദ്ധ്യപ്പെടുകയോ ചെയ്യുന്നിടത്ത്, അതിന്, അയാളുടെ കുറ്റവിമുക്തനാക്കൽ വരെ അങ്ങനെയുള്ള ആസ്തികളുടെയും വരവുകളുടെയും

വാങ്ങലുകളുടെയും ആദായങ്ങളുടെയും കണ്ടുകെട്ടലിന് അധികാരപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു കണ്ടുകെട്ടൽ ഉത്തരവ് ഹൈക്കോടതി രൂപഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നിടത്ത് അല്ലെങ്കിൽ പ്രത്യേക കോടതി പബ്ലിക് സർവന്റിനെ കുറ്റവിമുക്തനാക്കുന്നിടത്ത് (1)-ാം ഉപവകുപ്പുപ്രകാരം കണ്ടുകെട്ടിയ ആസ്തികളും വരവുകളും വാങ്ങലുകളും ആദായങ്ങളും അങ്ങനെയുള്ള പബ്ലിക് സർവന്റിന് തിരികെ കൊടുക്കേണ്ടതും ആ ആസ്തികളും വരവുകളും വാങ്ങലുകളും ആദായങ്ങളും ഏതെങ്കിലും കാരണത്താൽ തിരികെ കൊടുക്കാൻ സാദ്ധ്യമാകുന്നില്ലെങ്കിൽ, അങ്ങനെയുള്ള പബ്ലിക് സർവന്റിന് അപ്രകാരം കണ്ടുകെട്ടിയ പണം ഉൾപ്പെടെ അതിന്റെ വില കണ്ടുകെട്ടിയ തീയതി മുതൽ അഞ്ചുശതമാനം നിരക്കിൽ അതിൻമേൽ കണക്കാക്കിയ വാർഷിക പലിശ സഹിതം നൽകേണ്ടതുമാണ്.

32. <u>അഴിമതി ആരോപണവുമായി ബന്ധപ്പെട്ട പബ്ലിക് സർവന്റിന്റെ സ്ഥലം മാറ്റത്തിനോ സസ്പെൻഷനോ ശിപാർശ ചെയ്യാൻ ലോക്പാലിനുള്ള അധികാരം.</u>—(1) ലോക്പാൽ, അഴിമതി ആരോപണങ്ങളെക്കുറിച്ച് പ്രാഥമിക അന്വേഷണവിചാരണ നടത്തുന്നിടത്ത്, ലഭ്യമായ തെളിവിന്റെ അടിസ്ഥാനത്തിൽ,—

(i) പ്രാഥമിക അന്വേഷണവിചാരണ നടത്തുമ്പോൾ, 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിലോ (ങ) ഖണ്ഡത്തിലോ (ച) ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള ഒരു പബ്ലിക് സർവന്റിന്റെ, അയാളുടെ തസ്തികയിലെ തുടരൽ, അങ്ങനെയുള്ള പ്രാഥമിക അന്വേഷണവിചാരണയെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ടെന്നോ;

(ii) അങ്ങനെയുള്ള പബ്ലിക് സർവന്റ് തെളിവ് നശിപ്പിക്കുന്നതിനോ അതിൽ ഏതെങ്കിലും മാർഗ്ഗത്തിൽ കൃത്രിമം കാട്ടുന്നതിനോ സാക്ഷികളെ സ്വാധീനിക്കുന്നതിനോ ഇടയുണ്ടെന്നോ,

പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെടുന്നിടത്ത് ലോക്പാലിന്, അങ്ങനെയുള്ള പബ്ലിക് സർവന്റിനെ ഉത്തരവിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള കാലാവധി വരെ അയാൾ വഹിക്കുന്ന തസ്തികയിൽ നിന്നും സ്ഥലംമാറ്റത്തിനോ സസ്പെൻഷനോ കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്.

(2) കേന്ദ്ര സർക്കാർ, ഒരു സംഗതിയിൽ ഭരണപരമായ കാരണങ്ങളാൽ അപ്രകാരം ചെയ്യുന്നത് പ്രായോഗികമല്ലാത്തിടത്ത് ലിഖിതമായി രേഖപ്പെടുത്തിയ കാരണങ്ങളിലൊഴികെ, (1)-ാം ഉപവകുപ്പു പ്രകാരം ലോക്പാൽ നൽകിയ ശിപാർശ സാധാരണയായി അംഗീകരിക്കേണ്ടതാണ്.

33. പ്രാഥമിക അന്വേഷണവിചാരണക്കാലത്ത് രേഖകളുടെ നശിപ്പിക്കൽ തടയുന്നതിന് നിർദ്ദേശങ്ങൾ നൽകാൻ ലോക്പാലിനുള്ള അധികാരം.—ലോക്പാലിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ, ഏതെങ്കിലും രേഖയുടെയോ റിക്കാർഡിന്റെയോ തയ്യാറാക്കലോ സൂക്ഷിക്കലോ ഏൽപ്പിച്ചിട്ടുള്ള ഒരു പബ്ലിക് സർവന്റിന്,—

(ക) അങ്ങനെയുള്ള രേഖയോ റിക്കാർഡോ നശിപ്പിക്കലിൽ നിന്നോ നാശനഷ്ടത്തിൽ നിന്നോ സംരക്ഷിക്കുന്നതിനോ;

(ഖ) അങ്ങനെയുള്ള രേഖയോ റിക്കാർഡോ വ്യത്യാസപ്പെടുത്തുന്നതിൽ നിന്നോ ഒളിച്ച് വയ്ക്കുന്നതിൽ നിന്നോ പബ്ലിക് സർവന്റിനെ തടയുന്നതിനോ;

(ഗ) പബ്ലിക് സർവന്റിനെ, അഴിമതി മാർഗ്ഗങ്ങളിലൂടെ അയാൾ ആർജ്ജിച്ചുവെന്ന് ആരോപിക്കപ്പെടുന്ന ഏതെങ്കിലും ആസ്തികൾ കൈമാറ്റം ചെയ്യുന്നതിൽ നിന്നോ അന്യാധീനപ്പെടുത്തുന്നതിൽ നിന്നോ തടയുന്നതിനോ,

ഉചിതമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

34. ഏൽപ്പിച്ചു കൊടുക്കുന്നതിനുള്ള അധികാരം.—ലോക്പാലിന്, ലിഖിതമായ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവ് മുഖേന അതിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, അതിന് നൽകപെട്ടിട്ടുള്ള ഭരണപരമോ ധനപരമോ ആയ ഏതെങ്കിലും അധികാരം, ആ ഉത്തരവിൽ നിർദ്ദേശിക്കാവുന്ന അതിന്റെ അങ്ങനെയുള്ള അംഗങ്ങളോ ഉദ്യോഗസ്ഥരോ ജീവനക്കാരോ മുഖേനയും കൂടി വിനിയോഗിക്കപ്പെടാമെന്നോ നിർവ്വഹിക്കപ്പെടാമെന്നോ നിർദ്ദേശിക്കാവുന്നതാണ്.

## അദ്ധ്യായം IX

## പ്രത്യേക കോടതികൾ

35. കേന്ദ്ര സർക്കാർ പ്രത്യേക കോടതികൾ രൂപീകരിക്കണമെന്ന്.—(1) കേന്ദ്ര സർക്കാർ, പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988–ലെ 49) പ്രകാരമോ ഈ ആക്റ്റ് പ്രകാരമോ ഉത്ഭവിക്കുന്ന കേസുകൾ കേൾക്കുന്നതിനും തീരുമാനിക്കുന്നതിനും ലോക്പാൽ ശിപാർശ ചെയ്യുന്ന പ്രകാരം അങ്ങനെയുള്ള എണ്ണം പ്രത്യേക കോടതികൾ രൂപീകരിക്കേണ്ടതാണ്.

(2) (1)–ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കപ്പെടുന്ന പ്രത്യേക കോടതികൾ, കോടതിയിൽ കേസ് ഫയൽ ചെയ്ത തീയതി മുതൽ ഒരു വർഷക്കാലയളവിനുള്ളിൽ ഓരോ വിചാരണയുടെയും പൂർത്തിയാക്കൽ ഉറപ്പുവരുത്തേണ്ടതാണ്:

എന്നാൽ ഒരു വർഷക്കാലയളവിനുള്ളിൽ വിചാരണ പൂർത്തിയാക്കാൻ കഴിയുന്നില്ലെങ്കിൽ പ്രത്യേക കോടതി അതിന്റെ കാരണങ്ങൾ രേഖപ്പെടുത്തേണ്ടതും മൂന്നു മാസത്തിൽ കൂടാത്ത തുടർന്നുള്ള ഒരു കാലയളവിനുള്ളിലോ ഓരോ മൂന്നു മാസത്തിൽ കവിയാത്ത അങ്ങനെയുള്ള തുടർന്നുള്ള കാലയളവുകൾക്കുള്ളിലോ, അങ്ങനെയുള്ള ഓരോ മൂന്നു മാസക്കാലയളവിന്റെയും അവസാനത്തിന് മുൻപ് ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, എന്നാൽ ആകെ രണ്ടു വർഷത്തിൽ കവിയാത്ത ഒരു കാലയളവിനുള്ളിൽ വിചാരണ പൂർത്തിയാക്കേണ്ടതാണ്.

36. ചില കേസുകളിൽ കരാറിലേർപ്പെടുന്ന ഒരു രാഷ്ട്രത്തിലെ അപേക്ഷാ പത്രം.—ഈ ആക്റ്റിലോ ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974–ലെ 2)–ലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു പ്രാഥമിക അന്വേഷണവിചാരണയുടെയോ ഒരു കുറ്റത്തിന്റെ അന്വേഷണത്തിന്റെയോ മറ്റു നടപടിയുടെയോ ഇടയിൽ, ഈ ആക്റ്റ് പ്രകാരമുള്ള പ്രാഥമിക അന്വേഷണവിചാരണയോ ഒരു കുറ്റത്തിന്റെ അന്വേഷണമോ നടപടിയോ സംബന്ധിച്ച് ഏതെങ്കിലും തെളിവ് ആവശ്യമുണ്ടെന്നും അങ്ങനെയുള്ള തെളിവ് കരാറിലേർപ്പെടുന്ന ഒരു രാഷ്ട്രത്തിലെ ഏതെങ്കിലും സ്ഥലത്ത് ലഭ്യമാകാമെന്നും അയാൾക്ക് അഭിപ്രായമുണ്ടെന്നും ഇതിലേയ്ക്കായി ലോക്പാൽ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥൻ ഒരു പ്രത്യേക കോടതിക്ക് ഒരു അപേക്ഷ നൽകുകയാണെങ്കിൽ, ഈ ആക്റ്റ് പ്രകാരമുള്ള പ്രാഥമിക അന്വേഷണവിചാരണയോ ഒരു കുറ്റത്തിന്റെ അന്വേഷണമോ നടപടിയോ സംബന്ധിച്ച് അങ്ങനെയുള്ള തെളിവ് ആവശ്യമാണെന്ന് പ്രത്യേക കോടതിക്ക് ബോദ്ധ്യപ്പെടുന്നതിൻമേൽ, അങ്ങനെയുള്ള അപേക്ഷ

കൈകാര്യം ചെയ്യാൻ ക്ഷമതയുള്ള, കരാറിലേർപ്പെടുന്ന രാഷ്ട്രത്തിലെ ഒരു കോടതിക്കോ ഒരു അധികാരസ്ഥാനത്തിനോ—

(i) ആ കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും പരിശോധിക്കുന്നതിനും;

(ii) അങ്ങനെയുള്ള അപേക്ഷാപത്രത്തിൽ പ്രത്യേക കോടതി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നടപടികൾ എടുക്കുന്നതിനും;

(iii) അപ്രകാരം എടുത്തതോ ശേഖരിച്ചതോ ആയ എല്ലാ തെളിവുകളും അങ്ങനെയുള്ള അപേക്ഷാപത്രം നൽകുന്ന പ്രത്യേക കോടതിക്ക് അയച്ചു കൊടുക്കുന്നതിനും,

ഒരു അപേക്ഷാപത്രം നൽകാവുന്നതാണ്.

(2) അപേക്ഷാപത്രം, കേന്ദ്ര സർക്കാർ ഇതിലേക്കായി നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ അയച്ചുകൊടുക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ഓരോ സ്റ്റേറ്റ്മെന്റ് അല്ലെങ്കിൽ കൈപ്പറ്റിയ രേഖ അല്ലെങ്കിൽ വസ്തു പ്രാഥമിക അന്വേഷണ വിചാരണയുടെയോ അന്വേഷണത്തിന്റെയോ ഇടയിൽ ശേഖരിച്ച തെളിവായി കരുതപ്പെടേണ്ടതാണ്.

## അദ്ധ്യായം X

## ലോക്പാലിന്റെ ചെയർപേഴ്സണും അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കുമെതിരെയുള്ള പരാതികൾ

37. ലോക്പാലിന്റെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നീക്കം ചെയ്യലും സസ്പെൻഷനും.—(1) ലോക്പാൽ, ചെയർപേഴ്സണോ ഏതെങ്കിലും അംഗത്തിനോ എതിരെ നൽകിയ ഏതെങ്കിലും പരാതിയെക്കുറിച്ച് അന്വേഷണവിചാരണ നടത്താൻ പാടുള്ളതല്ല.

(2) (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ചെയർപേഴ്സണോ ഏതെങ്കിലും അംഗമോ ദുർവൃത്തിയുടെ കാരണങ്ങളാൽ, പാർലമെന്റിന്റെ ഏറ്റവും കുറഞ്ഞത് നൂറ് അംഗങ്ങൾ ഒപ്പിട്ട ഒരു ഹർജിയിൻമേലുള്ള ഒരു റഫറൻസ് രാഷ്ട്രപതി സുപ്രീംകോടതിക്ക് നൽകുന്നതിൻമേൽ, അതിലേയ്ക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള

നടപടിക്രമത്തിന് അനുസൃതമായി നടത്തിയ ഒരു അന്വേഷണവിചാരണയിൻ മേൽ, ചെയർപേഴ്സണോ അങ്ങനെയുള്ള അംഗമോ, അതതുസംഗതി പോലെ, അങ്ങനെയുള്ള കാരണത്താൽ നീക്കം ചെയ്യപ്പെടാവുന്നതാണെന്ന് അത് റിപ്പോർട്ട് ചെയ്തതിനുശേഷം, രാഷ്ട്രപതിയുടെ ഉത്തരവ് മുഖേന, അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യപ്പെടേണ്ടതാണ്.

(3) രാഷ്ട്രപതിക്ക്, (2)-ാം ഉപവകുപ്പുപ്രകാരം സുപ്രീംകോടതിക്ക് ആരെ സംബന്ധിച്ചാണോ ഒരു റഫറൻസ് നടത്തിയിട്ടുള്ളത് ആ ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തെയോ, ഇതു സംബന്ധിച്ച് സുപ്രീംകോടതി പുറപ്പെടുവിച്ച ശിപാർശയോ ഇടക്കാല ഉത്തരവോ ലഭിക്കുമ്പോൾ, അങ്ങനെയുള്ള റഫറൻസിനെ കുറിച്ച് സുപ്രീംകോടതിയുടെ അന്തിമ റിപ്പോർട്ട് കിട്ടുന്നതിൻമേൽ രാഷ്ട്രപതി ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ഉദ്യോഗത്തിൽ നിന്നും സസ്പെൻഡ് ചെയ്യാവുന്നതാണ്.

(4) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രാഷ്ട്രപതിക്ക്, ഉത്തരവ് മുഖേന, ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തെയോ, അതതുസംഗതി പോലെ, ആ ചെയർപേഴ്സണോ അങ്ങനെയുള്ള അംഗമോ,—

(ക) ഒരു നിർദ്ധനനെന്നു വിധിക്കപ്പെടുന്നെങ്കിലോ;

(ഖ) അദ്ദേഹത്തിന്റെ ഉദ്യോഗകാലയളവിൽ, അദ്ദേഹത്തിന്റെ ഔദ്യോഗിക കർത്തവ്യങ്ങൾക്കു പുറമെയുള്ള ഏതെങ്കിലും വേതനം പറ്റുന്ന ജീവനത്തിൽ ഏർപ്പെടുന്നെങ്കിലോ;

(ഗ) രാഷ്ട്രപതിയുടെ അഭിപ്രായത്തിൽ ശാരീരികമോ മാനസികമോ ആയ ദൗർബല്യത്തിന്റെ കാരണത്താൽ ഉദ്യോഗത്തിൽ തുടരാൻ യോഗ്യനല്ലെങ്കിലോ,

ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(5) ചെയർപേഴ്സൺ അല്ലെങ്കിൽ ഏതെങ്കിലും അംഗം ഭാരത സർക്കാരോ ഒരു സംസ്ഥാന സർക്കാരോ ഉണ്ടാക്കുന്നതോ അവയ്ക്കുവേണ്ടി ഉണ്ടാക്കപ്പെടുന്നതോ ആയ ഏതെങ്കിലും കോൺട്രാക്റ്റിലോ കരാറിലോ ഏതെങ്കിലും വഴിയിൽ ബന്ധപ്പെടുകയോ താൽപര്യപ്പെടുകയോ അപ്രകാരം ആയിത്തീരുകയോ ഒരു ഏകാംഗീകൃത കമ്പനിയുടെ ഒരംഗമായല്ലാതെയും മറ്റംഗങ്ങളുമായി പൊതുവായും, അതിന്റെ ലാഭത്തിലോ അതിൽ നിന്നും ഉൽഭവിക്കുന്ന ഏതെങ്കിലും ആനുകൂല്യത്തിലോ വേതനത്തിലോ ഭാഗഭാക്കാകുകയോ ചെയ്യുകയാണെങ്കിൽ, അയാൾ (2)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, ദുർവൃത്തിക്ക് അപരാധിയായി കരുതപ്പെടേണ്ടതാണ്.

38. <u>ലോക്പാലിന്റെ ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ</u>.—(1) ലോക്പാലിന്റെ കീഴിലുള്ളതോ അതുമായി ബന്ധപ്പെട്ടിരിക്കുന്നതോ ആയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ ഏജൻസിക്കോ (ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) എതിരായി പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988-ലെ 49) പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം സംബന്ധിച്ച ആരോപണത്തെയോ ദുഷ്പ്രവൃത്തിയെയോ കുറിച്ചുള്ള ഓരോ പരാതിയും ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കൈകാര്യം ചെയ്യപ്പെടേണ്ടതാണ്.

(2) ലോക്പാൽ, നൽകപ്പെട്ട പരാതിയെയോ ആരോപണത്തെയോ കുറിച്ചുള്ള അന്വേഷണവിചാരണ, അതു ലഭിച്ച തീയതി മുതൽ മുപ്പതു ദിവസക്കാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

(3) ലോക്പാലിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ ലോക്പാലുമായി ഉടമ്പടി ചെയ്തിരിക്കുന്നതോ ബന്ധപ്പെട്ടിരിക്കുന്നതോ ആയ ഏജൻസിക്കോ എതിരായുള്ള പരാതിയെക്കുറിച്ച് അന്വേഷണവിചാരണ നടത്തുന്ന വേളയിൽ, ലഭ്യമായ തെളിവിന്റെ അടിസ്ഥാനത്തിൽ,—

(ക) ലോക്പാലിന്റെ അല്ലെങ്കിൽ ഉടമ്പടി ചെയ്തിരിക്കുന്നതോ ബന്ധപ്പെട്ടിരിക്കുന്നതോ ആയ ഏജൻസിയുടെ അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെയോ ജീവനക്കാരന്റെയോ അയാളുടെ തസ്തികയിലെ തുടരൽ, അന്വേഷണവിചാരണ നടത്തുന്നവേളയിൽ അങ്ങനെയുള്ള അന്വേഷണവിചാരണയെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ടെന്നോ;

(ഖ) ലോക്പാലിന്റെ അല്ലെങ്കിൽ ഉടമ്പടി ചെയ്തിരിക്കുന്നതോ ബന്ധപ്പെട്ടിരിക്കുന്നതോ ആയ ഏജൻസിയുടെ ഒരു ഉദ്യോഗസ്ഥനോ ജീവനക്കാരനോ തെളിവ് നശിപ്പിക്കാനോ ഏതെങ്കിലും രീതിയിൽ അതിന് ഹാനി വരുത്താനോ സാക്ഷികളെ സ്വാധീനിക്കാനോ ഇടയുണ്ടെന്നോ,

പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെടുന്നുവെങ്കിൽ അപ്പോൾ, ലോക്പാലിന്, ഉത്തരവു മുഖേന, ലോക്പാലിന്റെ അങ്ങനെയുള്ള ഉദ്യോഗസ്ഥനെയോ ജീവനക്കാരനെയോ സസ്പെന്റ് ചെയ്യാവുന്നതോ ലോക്പാലുമായി ഉടമ്പടി ചെയ്തിരിക്കുന്നതോ ബന്ധപ്പെട്ടിരിക്കുന്നതോ ആയ അങ്ങനെയുള്ള ഏജൻസിയുടെ, അത് ഇക്കാര്യത്തിൽ മുൻപ് വിനിയോഗിച്ചിരുന്ന എല്ലാ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും ഇല്ലാതാക്കാവുന്നതോ ആണ്.

(4) അന്വേഷണവിചാരണ പൂർത്തിയാക്കലിൻമേൽ, പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988–ലെ 49) പ്രകാരമുള്ള ഒരു കുറ്റം ചെയ്യലിനോ ഏതെങ്കിലും ദുഷ്പ്രവൃത്തി ചെയ്യലിനോ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന് ലോക്പാലിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അത് അങ്ങനെയുള്ള അന്വേഷണവിചാരണയുടെ പൂർത്തിയാക്കലിൽ നിന്ന് പതിനഞ്ചു ദിവസത്തെ ഒരു കാലയളവിനുള്ളിൽ, ലോക്പാലിന്റെ അങ്ങനെയുള്ള ഉദ്യോഗസ്ഥനെയോ ജീവനക്കാരനെയോ ലോക്പാലുമായി ഉടമ്പടി ചെയ്തിരിക്കുന്നതോ ബന്ധപ്പെട്ടിരിക്കുന്നതോ ആയ അങ്ങനെയുള്ള ഉദ്യോഗസ്ഥനെയോ ജീവനക്കാരനെയോ ഏജൻസിയെയോ പ്രോസിക്യൂട്ട് ചെയ്യാൻ ഉത്തരവു പുറപ്പെടുവിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി ആരംഭിക്കേണ്ടതുമാണ്:

എന്നാൽ ലോക്പാലിന്റെ അങ്ങനെയുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ ഉടമ്പടി ചെയ്തിരിക്കുന്നതോ ബന്ധപ്പെട്ടിരിക്കുന്നതോ ആയ അങ്ങനെയുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ ഏജൻസിക്കോ പറയുവാനുള്ളതു പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടില്ലാത്തതാണ്.

## അദ്ധ്യായം XI

## പ്രത്യേക കോടതി നഷ്ടം തിട്ടപ്പെടുത്തുന്നതും അത് വസൂലാക്കുന്നതും

39. <u>പ്രത്യേക കോടതി നഷ്ടം തിട്ടപ്പെടുത്തുന്നതും അത് വസൂലാക്കുന്നതും</u>.—പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988–ലെ 49) പ്രകാരമുള്ള ഒരു കുറ്റത്തിന് ഏതെങ്കിലും പബ്ലിക് സർവന്റിനെ പ്രത്യേക കോടതി കുറ്റസ്ഥാപനം ചെയ്യുകയാണെങ്കിൽ, തൽസമയം ഏതെങ്കിലും നിയമം പ്രാബല്യത്തിലിരുന്നാലും അതിനു ഭംഗം വരാതെയും, അങ്ങനെയുള്ള പബ്ലിക് സർവന്റിന്റെ ഉത്തമവിശ്വാസത്തിലല്ലാതെ എടുത്തതും കുറ്റസ്ഥാപനം ചെയ്യപ്പെട്ടതുമായ നടപടികളുടെയോ തീരുമാനങ്ങളുടെയോ കാരണത്താൽ പൊതുഖജനാവിന് വരുത്തിയ നഷ്ടത്തിന്റെ, എന്തെങ്കിലും ഉണ്ടെങ്കിൽ, ഒരു മതിപ്പ് നിശ്ചയിക്കൽ അതിന് നടത്താവുന്നതും അപ്രകാരം കുറ്റസ്ഥാപനം ചെയ്യപ്പെട്ട അങ്ങനെയുള്ള പബ്ലിക് സർവന്റിൽ നിന്ന് അങ്ങനെയുള്ള നഷ്ടം, സാദ്ധ്യമായതോ കണക്കാക്കാവുന്നതോ ആണെങ്കിൽ വസൂലാക്കലിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്:

എന്നാൽ പ്രത്യേക കോടതി, ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, അപ്രകാരം കുറ്റസ്ഥാപനം ചെയ്യപ്പെട്ട പബ്ലിക് സർവന്റിന്റെ നടപടികളുടെയോ

തീരുമാനങ്ങളുടെയോ ഗുണഭോക്താവുമായോ ഗുണഭോക്താക്കളുമായോ ഉള്ള ഒരു ഗൂഢാലോചനയെ തുടർന്നാണ് നഷ്ടം ഉണ്ടായതെന്ന നിഗമനത്തിൽ എത്തിച്ചേരുകയാണെങ്കിൽ, അപ്പോൾ അങ്ങനെയുള്ള നഷ്ടം, ഈ വകുപ്പ് പ്രകാരം മതിപ്പ് നിശ്ചയിക്കപ്പെട്ടതും കണക്കാക്കാവുന്നതുമാണെങ്കിൽ, അങ്ങനെയുള്ള ഗുണഭോക്താവിൽ നിന്നോ ഗുണഭോക്താക്കളിൽ നിന്നോ കൂടി ആനുപാതികമായി വസൂലാക്കാവുന്നതാണ്.

## അദ്ധ്യായം XII
## ധനകാര്യവും കണക്കുകളും ആഡിറ്റും

40. ബഡ്ജറ്റ്.—ലോക്പാൽ, ഓരോ സാമ്പത്തിക വർഷവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും, ലോക്പാലിന്റെ കണക്കാക്കപ്പെട്ട വരവു ചെലവുകൾ കാണിച്ചുകൊണ്ട് അടുത്ത സാമ്പത്തികവർഷത്തെ അതിന്റെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതും ആയത് കേന്ദ്ര സർക്കാരിന്റെ അറിവിലേക്കായി അയച്ചു കൊടുക്കേണ്ടതുമാണ്.

41. കേന്ദ്ര സർക്കാർ മുഖാന്തരമുള്ള സഹായധനം.—കേന്ദ്ര സർക്കാരിന്, പാർലമെന്റ് ഇതിലേക്കായി നിയമം മുഖേന യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം, ലോക്പാലിലെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതോ അവരെ സംബന്ധിച്ചുള്ളതോ ആയ ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെ, ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട ശമ്പളത്തിനും ബത്തകൾക്കും ഭരണപരമായ ചെലവുകൾക്കും ആവശ്യമായ അങ്ങനെയുള്ള തുകയുടെ സഹായധനം ലോക്പാലിന് അനുവദിക്കാവുന്നതാണ്.

42. കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ്.—(1) ലോക്പാൽ, കൃത്യമായ കണക്കുകളും മറ്റു പ്രസക്തമായ രേഖകളും വച്ചുപോരേണ്ടതും ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച്, കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിൽ കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) ലോക്പാലിന്റെ കണക്കുകൾ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറൽ, അദ്ദേഹം നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഇടവേളകളിൽ ആഡിറ്റ് ചെയ്യേണ്ടതാണ്.

(3) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിനോ ഈ ആക്റ്റ് പ്രകാരം ലോക്പാലിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമിക്കുന്ന ഏതെങ്കിലും ആളിനോ സർക്കാർ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് പൊതുവായുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച് ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ചും പുസ്തകങ്ങളും കണക്കുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും കടലാസുകളും ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനും ലോക്പാലിന്റെ ഓഫീസുകളിൽ ഏതെങ്കിലും പരിശോധിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(4) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലോ ഇതിലേക്കായി അദ്ദേഹം നിയമിക്കുന്ന മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള ലോക്പാലിന്റെ കണക്കുകൾ, അതിൻമേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം വർഷംതോറും കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കേണ്ടതും കേന്ദ്ര സർക്കാർ, അത് പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്ക്കാൻ ഇടയാക്കേണ്ടതുമാണ്.

43. റിട്ടേണുകൾ മുതലായവ കേന്ദ്ര സർക്കാരിന് നൽകുന്നത്.—ലോക്പാൽ, നിർണ്ണയിക്കപ്പെടാവുന്നതോ കേന്ദ്ര സർക്കാർ ആവശ്യപ്പെടാവുന്നതോ ആയ അങ്ങനെയുള്ള സമയത്തും അങ്ങനെയുള്ള ഫാറത്തിലും രീതിയിലും അങ്ങനെയുള്ള റിട്ടേണുകളും സ്റ്റേറ്റ്മെന്റുകളും കേന്ദ്ര സർക്കാർ അതതുസമയം ആവശ്യപ്പെടാവുന്ന പ്രകാരം ലോക്പാലിന്റെ അധികാരിതയിൻകീഴിലുള്ള ഏതെങ്കിലും കാര്യത്തെ സംബന്ധിച്ചുള്ള അങ്ങനെയുള്ള വിവരങ്ങളും കേന്ദ്ര സർക്കാരിന് നൽകേണ്ടതാണ്.

## അദ്ധ്യായം XIII

## ആസ്തികളുടെ പ്രഖ്യാപനം

[1][44. ആസ്തികളുടെ പ്രഖ്യാപനം.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തീയതിയിലും അന്നുമുതൽക്കും ഓരോ പബ്ലിക് സർവന്റും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും അയാളുടെ ആസ്തികളുടെയും ബാദ്ധ്യതകളുടെയും ഒരു പ്രഖ്യാപനം നടത്തേണ്ടതാണ്.]

1. 2016-ലെ 37-ാം ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം 44-ാം വകുപ്പിന് പകരം ചേർത്തത് (16-1-2014 മുതൽ പ്രാബല്യം).

45. ചില സംഗതികളിൽ ആസ്തികളുടെ ആർജ്ജനം അഴിമതിമാർഗ്ഗങ്ങളിലൂടെയാണെന്ന അനുമാനം.—ഏതെങ്കിലും പബ്ലിക് സർവന്റ് മനഃപൂർവ്വമായോ നീതീകരിക്കപ്പെടാനാവാത്ത കാരണങ്ങളാലോ—

(ക) അയാളുടെ ആസ്തികൾ പ്രഖ്യാപിക്കാൻ പരാജയപ്പെടുകയോ;

(ഖ) അങ്ങനെയുള്ള ആസ്തികളെ സംബന്ധിച്ച് തെറ്റിദ്ധരിപ്പിക്കുന്ന വിവരം നൽകുകയും കൂടാതെ വെളിപ്പെടുത്താത്തതോ ഏതിനെ സംബന്ധിച്ചാണോ തെറ്റിദ്ധരിപ്പിക്കുന്ന വിവരം നൽകിയിട്ടുള്ളത് അങ്ങനെയുള്ളതോ ആയ ആസ്തികൾ കൈവശം വച്ചിട്ടുണ്ടെന്നു കണ്ടെത്തുകയും ചെയ്താൽ,

അപ്പോൾ, അങ്ങനെയുള്ള ആസ്തികൾ മറ്റുവിധത്തിൽ തെളിയിക്കപ്പെടാത്ത പക്ഷം, പബ്ലിക് സർവന്റിന്റേതാണെന്ന് അനുമാനിക്കേണ്ടതും അഴിമതി മാർഗ്ഗങ്ങളിലൂടെ ആർജ്ജിച്ച ആസ്തികളാണെന്ന് അനുമാനിക്കേണ്ടതുമാണ്:

എന്നാൽ ക്ഷമതയുള്ള അധികാരസ്ഥാനത്തിന്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഏറ്റവും കുറഞ്ഞ മൂല്യത്തിൽ കവിയാത്ത ആസ്തികളെ സംബന്ധിച്ച വിവരം പബ്ലിക് സർവന്റ് അപ്രകാരം നൽകുന്നത് മാപ്പാക്കാവുന്നതോ അത് നൽകുന്നതിൽ നിന്നും ഒഴിവാക്കാവുന്നതോ ആണ്.

## അദ്ധ്യായം XIV
## കുറ്റങ്ങളും ശിക്ഷകളും

46. വ്യാജമായ പരാതിക്കുള്ള പ്രോസിക്യൂഷനും പബ്ലിക് സർവന്റിന് നഷ്ടപരിഹാരം മുതലായവ നൽകലും.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും വ്യാജവും നിസ്സാരവും അല്ലെങ്കിൽ ശല്യമുണ്ടാക്കുന്നതുമായ പരാതി നൽകുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ, ഒരു വർഷം വരെയാകാവുന്ന ഒരു കാലത്തേക്ക് തടവും ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) ഒരു പ്രത്യേക കോടതി ഒഴികെയുള്ള യാതൊരു കോടതിയും (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു കുറ്റം നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(3) യാതൊരു പ്രത്യേക കോടതിയും, ആർക്കെതിരായാണോ വ്യാജമോ നിസ്സാരമോ ശല്യമുണ്ടാക്കുന്നതോ ആയ പരാതി നൽകപ്പെട്ടിട്ടുള്ളത് അയാളോ

ലോക്പാൽ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ നൽകുന്ന ഒരു പരാതിയിൻ മേലല്ലാതെ (1)-ാം ഉപവകുപ്പുപ്രകാരം ഒരു കുറ്റം നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(4) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു കുറ്റം സംബന്ധിച്ച് പ്രോസിക്യൂഷൻ പബ്ലിക് പ്രോസിക്യൂട്ടർ നടത്തേണ്ടതും അങ്ങനെയുള്ള പ്രോസിക്യൂഷനുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും കേന്ദ്ര സർക്കാർ വഹിക്കേണ്ടതുമാണ്.

(5) ഈ ആക്റ്റ് പ്രകാരം ഒരു വ്യാജ പരാതി നൽകിയതിന് [ഒരു വ്യക്തിയോ സംഘമോ ആളുകളുടെ സമാജമോ ട്രസ്റ്റോ (രജിസ്റ്റർ ചെയ്തിട്ടുള്ളതോ അല്ലാത്തതോ) ആയിരിക്കുന്ന] ഒരാൾ കുറ്റസ്ഥാപനം ചെയ്യപ്പെടുന്നെങ്കിൽ അങ്ങനെയുള്ള ആൾ ഏതു പബ്ലിക് സർവന്റിനെതിരെയാണോ അയാൾ വ്യാജ പരാതി നൽകിയത് അങ്ങനെയുള്ള പബ്ലിക് സർവന്റിന് കേസ് നടത്തുന്നതിനുള്ള നിയമപരമായ ചെലവുകൾക്കു പുറമെ പ്രത്യേക കോടതി തീരുമാനിക്കാവുന്ന പ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(6) ഈ വകുപ്പിലടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ ഉത്തമവിശ്വാസത്തിൽ നൽകിയ പരാതികളുടെ സംഗതിയിൽ ബാധകമാകുന്നതല്ല.

*വിശദീകരണം.*—ഈ ഉപവകുപ്പിന്റെ ആവശ്യത്തിന് "ഉത്തമവിശ്വാസം" എന്ന പദപ്രയോഗത്തിന്, ഒരാൾ വേണ്ടത്ര അവധാനത്തോടും കരുതലോടും ഉത്തരവാദിത്വബോധത്തോടും കൂടി ഉത്തമവിശ്വാസത്തിലോ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-ലെ 79-ാം വകുപ്പുപ്രകാരം നിയമത്താൽ നീതികരിക്കപ്പെട്ടതായി സ്വയം വിശ്വസിക്കുന്ന വസ്തുതയെക്കുറിച്ചുള്ള തെറ്റിനാലോ വിശ്വസിക്കുന്നതോ ചെയ്തതോ ആയ ഏതെങ്കിലും കൃത്യം എന്നർത്ഥമാകുന്നു.

47. <u>സംഘമോ ആളുകളുടെ സമാജമോ ട്രസ്റ്റോ നൽകുന്ന വ്യാജമായ പരാതി.</u>—(1) 46-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും സംഘമോ ആളുകളുടെ സമാജമോ ട്രസ്റ്റോ (രജിസ്റ്റർ ചെയ്തിട്ടുള്ളതോ അല്ലാത്തതോ) ഏതെങ്കിലും കുറ്റം ചെയ്തിട്ടുള്ളിടത്ത്, ആ കുറ്റം ചെയ്ത സമയത്ത് സംഘത്തിന്റെയോ ആളുകളുടെ സമാജത്തിന്റെയോ ട്രസ്റ്റിന്റെയോ ബിസിനസ്സിന്റെയോ കാര്യങ്ങളുടെയോ പ്രവർത്തനങ്ങളുടെയോ നടത്തിപ്പിന് വേണ്ടി സംഘത്തിന്റെയോ ആളുകളുടെ സമാജത്തിന്റെയോ ട്രസ്റ്റിന്റെയോ നേരിട്ടുള്ള ചുമതലയുണ്ടായിരുന്നതും അവയോട് ഉത്തരവാദിത്വമുണ്ടായിരുന്നതും ആയ ഓരോ ആളും, അതുപോലെ തന്നെ അങ്ങനെയുള്ള സംഘമോ ആളുകളുടെ സമാജമോ

ട്രസ്റ്റോ ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടേണ്ടതും, എതിരായി നടപടി എടുക്കപ്പെടുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ, ആ കുറ്റം ചെയ്തത് തന്റെ അറിവോടെയല്ലെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യൽ തടയുന്നതിന് അയാൾ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിട്ടുണ്ടാ യിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാക്കിത്തീർക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു സംഘമോ ആളുകളുടെ സമാജമോ ട്രസ്റ്റോ (രജിസ്റ്റർ ചെയ്തിട്ടുള്ളതോ അല്ലാത്തതോ) ചെയ്യുകയും ആ കുറ്റം ചെയ്തത് അങ്ങനെയുള്ള സംഘത്തിന്റേയോ ആളുകളുടെ സമാജത്തിന്റേയോ ട്രസ്റ്റിന്റേയോ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റേയോ സമ്മതത്തോടുകൂടിയോ മൗനാനുവാദത്തോടുകൂടിയോ ആണെന്നോ അവരുടെ ഭാഗത്ത് ചുമത്താവുന്ന ഏതെങ്കിലും ഉപേക്ഷയാലാണെന്നോ തെളിയിക്കപ്പെടുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റുദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും, എതിരായി നടപടി എടുക്കപ്പെടുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

## അദ്ധ്യായം XV

## പലവക

48. <u>ലോക്പാലിന്റെ റിപ്പോർട്ടുകൾ.</u>—ലോക്പാൽ നടത്തിയ പ്രവർത്തനത്തെ ക്കുറിച്ചുള്ള ഒരു റിപ്പോർട്ട് വർഷംതോറും രാഷ്ട്രപതിക്ക് സമർപ്പിക്കേണ്ടത് ലോക്പാലിന്റെ കർത്തവ്യം ആയിരിക്കുന്നതും, അങ്ങനെയുള്ള റിപ്പോർട്ട് ലഭിക്കുന്ന തിൻമേൽ, രാഷ്ട്രപതി, അതിന്റെ ഒരു പകർപ്പ്, ലോക്പാലിന്റെ ഉപദേശം സ്വീകരിക്കാത്ത കേസുകൾ ഏതെങ്കിലുമുണ്ടെങ്കിൽ, അത് സംബന്ധിച്ച് അങ്ങനെയുള്ള സ്വീകരിക്കാതിരിക്കലിന്റെ കാരണം വിശദീകരിക്കുന്ന ഒരു മെമ്മോറാണ്ടം സഹിതം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പ്പിക്കേണ്ടതുമാണ്.

49. തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ നിന്നുൽഭവിക്കുന്ന അപ്പീലുകളുടെ അപ്പീൽ അധികാരിയായി ലോക്പാൽ പ്രവർത്തിക്കണമെന്ന്.—ലോക്പാൽ, പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988–ലെ 49) പ്രകാരമുള്ള തീരുമാനത്തിൽ അഴിമതിയുടെ കണ്ടെത്തലുകൾ ഉൾക്കൊള്ളുന്ന സംഗതികളിൽ, ഏതെങ്കിലും പൊതു അധികാരസ്ഥാനം മുഖാന്തരമുള്ള പൊതു സേവനങ്ങൾ നൽകലിനും പൊതുജന പരാതി പരിഹാരത്തിനും വ്യവസ്ഥ ചെയ്യുന്ന, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ നിന്നുത്ഭവിക്കുന്ന അപ്പിലുകൾ സംബന്ധിച്ച്, അന്തിമ അപ്പീൽ അധികാരസ്ഥാനമായി പ്രവർത്തിക്കേണ്ടതാണ്.

50. ഏതെങ്കിലും പബ്ലിക് സർവന്റ് ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം.—ഏതെങ്കിലും പബ്ലിക് സർവന്റിനെതിരെ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിലോ അദ്ദേഹത്തിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലോ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച്, ഈ ആക്റ്റ് പ്രകാരം യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല.

51. മറ്റുള്ളവർ ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം.—ലോക്പാലിനെതിരായോ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ ഏജൻസിക്കോ ഏതെങ്കിലും ആളിനോ എതിരായോ ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ റെഗുലേഷനുകളോ പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല.

52. ലോക്പാലിന്റെ അംഗങ്ങളും ഉദ്യോഗസ്ഥരും ജീവനക്കാരും പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—ലോക്പാലിന്റെ ചെയർപേഴ്സണും അംഗങ്ങളും ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തിക്കുമ്പോഴോ പ്രവർത്തിക്കുന്നതായി കരുതപ്പെടുമ്പോഴോ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860–ലെ 45)–ലെ 21–ാം വകുപ്പിന്റെ അർത്ഥത്തിൽ പബ്ലിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

53. ചില സംഗതികളിൽ കാലഹരണം ബാധകമാകുമെന്ന്.—ലോക്പാൽ, ഏതെങ്കിലും പരാതിയെക്കുറിച്ച്, അങ്ങനെയുള്ള പരാതിയിൽ പ്രസ്താവിച്ചിട്ടുള്ള കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന തീയതി മുതൽ ഏഴുവർഷത്തെ ഒരു കാലയളവ്

അവസാനിച്ചതിനുശേഷമാണ് പരാതി നൽകപ്പെടുന്നതെങ്കിൽ, അന്വേഷണവിചാരണ നടത്താനോ അന്വേഷിക്കാനോ പാടുള്ളതല്ല.

54. അധികാരിതയ്ക്ക് വിലക്ക്.—യാതൊരു സിവിൽ കോടതിയ്ക്കും ഈ ആക്റ്റിനാലോ ആക്റ്റ് പ്രകാരമോ തീരുമാനിക്കുന്നതിന് ലോക്പാലിനെ അധികാരപ്പെടുത്തുന്ന ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച്, അധികാരിതയുണ്ടായിരിക്കുന്നതല്ല.

55. നിയമസഹായം.—ലോക്പാൽ, ഈ ആക്റ്റ് പ്രകാരം അതിനുമുൻപാകെ ഒരു പരാതി ആർക്കെതിരെയാണോ നൽകപ്പെട്ടത് അങ്ങനെയുള്ള ഓരോ ആളിനും ലോക്പാലിന്റെ മുൻപാകെ അയാളുടെ കേസ് പ്രതിവാദിക്കുന്നതിന് നിയമസഹായം, അങ്ങനെയുള്ള സഹായം ആവശ്യപ്പെടുന്നെങ്കിൽ നൽകേണ്ടതാണ്.

56. ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, ഈ ആക്റ്റല്ലാത്ത ഏതെങ്കിലും നിയമത്തിലോ ഈ ആക്റ്റല്ലാത്ത ഏതെങ്കിലും നിയമത്തിന്റെ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും കരണത്തിലോ അവയുമായി സംഗതമല്ലാത്ത എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

57. ഈ ആക്റ്റിലെ വ്യവസ്ഥകൾ മറ്റു നിയമങ്ങൾക്കു പുറമെയായിരിക്കുമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിനു പുറമെയുള്ളതും അവയ്ക്ക് ന്യൂനത വരുത്താത്തതും ആയിരിക്കുന്നതാണ്.

58. ചില നിയമങ്ങളുടെ ഭേദഗതി.—പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള നിയമങ്ങൾ അതിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ ഭേദഗതി വരുത്തേണ്ടതാണ്.

59. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) കേന്ദ്ര സർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ഭംഗം വരാതെയും താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് അങ്ങനെയുള്ള ചട്ടങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 2-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ങ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പരാതിയുടെ ഫാറത്തിന്;

(ഖ) 4-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം സെർച്ച് കമ്മിറ്റിയുടെ കാലാവധിയ്ക്കും അതിന്റെ അംഗങ്ങൾക്ക് നൽകേണ്ട ഫീസിനും ബത്തകൾക്കും പേരുകളുടെ പാനൽ തിരഞ്ഞെടുക്കലിന്റെ രീതിയ്ക്കും;

(ഗ) 10-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ പരിമിതി വ്യവസ്ഥ പ്രകാരം യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച ശേഷം നിയമനം നടത്തേണ്ട തസ്തികയെയോ തസ്തികകളെയോ സംബന്ധിച്ച്;

(ഘ) 27-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (vi)-ാം ഖണ്ഡപ്രകാരം ലോക്പാലിന് ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കേണ്ട മറ്റു കാര്യങ്ങൾക്ക്;

(ങ) 29-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം പ്രത്യേക കോടതിക്ക് ജപ്തി ഉത്തരവ് വസ്തുത സഹിതം അയച്ചു കൊടുക്കുന്ന രീതിയ്ക്ക്;

(ച) 36-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അപേക്ഷാപത്രം അയച്ചു കൊടുക്കുന്ന രീതിയ്ക്ക്;

(ഛ) 40-ാം വകുപ്പ് പ്രകാരം കണക്കാക്കപ്പെട്ട, ലോക്പാലിന്റെ വരവുചെലവുകൾ കാണിക്കുന്ന, അടുത്ത സാമ്പത്തികവർഷത്തെ ബഡ്ജറ്റ് ഓരോ സാമ്പത്തികവർഷവും തയ്യാറാക്കുന്നതിനുള്ള ഫാറത്തിനും സമയത്തിനും;

(ജ) 42-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കണക്കുകളും മറ്റു പ്രസക്ത രേഖകളും വച്ചുപോരുന്ന ഫാറത്തിനും കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റിന്റെ ഫാറത്തിനും;

(ഝ) 43-ാം വകുപ്പ് പ്രകാരമുള്ള വിവരങ്ങൾ സഹിതം റിട്ടേണുകളും സ്റ്റേറ്റുമെന്റുകളും തയ്യാറാക്കുന്ന ഫാറത്തിനും രീതിയ്ക്കും സമയത്തിനും;

(ഞ) 44-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം മുൻവർഷക്കാലയളവിലെ അതിന്റെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷേപം നൽകുന്ന ഒരു വാർഷിക റിട്ടേൺ തയ്യാറാക്കുന്നതിനുള്ള ഫാറത്തിനും സമയത്തിനും;

[1][(s) 44-ാം വകുപ്പ് പ്രകാരം പബ്ലിക് സർവന്റുമാർ നടത്തുന്ന, ആസ്തികളുടെയും ബാദ്ധ്യതകളുടെയും പ്രഖ്യാപനത്തിന്റെ ഫാറത്തിനും രീതിയ്ക്കും:

എന്നാൽ ഈ ഖണ്ഡപ്രകാരം ചട്ടങ്ങൾ, ഈ ആക്റ്റിലെ ആ വ്യവസ്ഥകൾ പ്രാബല്യത്തിൽ വന്ന തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ ഉണ്ടാക്കാവുന്നതാണ്;]

(o) ഏത് ഏറ്റവും കുറഞ്ഞ മൂല്യത്തെ കുറിച്ചാണോ 45-ാം വകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം ആസ്തികൾ സംബന്ധിച്ച് വിവരം ഒരു പബ്ലിക് സർവന്റ് നൽകുന്നത്, ക്ഷമതയുള്ള അധികാരസ്ഥാനത്തിന് മാപ്പാക്കാവുന്നതോ വിവരം നൽകുന്നതിൽ നിന്നും ഒഴിവാക്കാവുന്നതോ, അത് സംബന്ധിച്ച്:

എന്നാൽ ഈ ഖണ്ഡപ്രകാരം ചട്ടങ്ങൾ, ഈ ആക്റ്റിലെ ആ വ്യവസ്ഥകൾ പ്രാബല്യത്തിൽ വന്ന തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ ഉണ്ടാക്കാവുന്നതാണ്;

(ഡ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യത്തിന്.

60. <u>റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് ലോക്പാലിനുള്ള അധികാരം.</u>—(1) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായി, ലോക്പാലിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ഭംഗം വരാതെയും അങ്ങനെയുള്ള റെഗുലേഷനുകൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 10-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ലോക്പാലിന്റെ സെക്രട്ടറിയുടെയും മറ്റുദ്യോഗസ്ഥരുടെയും സ്റ്റാഫിന്റെയും സേവനവ്യവസ്ഥകൾക്കും രാഷ്ട്രപതിയുടെ അംഗീകാരം ആവശ്യമായ ശമ്പളങ്ങളെയോ ബത്തകളെയോ അവധിയെയോ പെൻഷനുകളെയോ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങൾക്കും;

---

1. 2016-ലെ 37-ാം ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം (s) ഖണ്ഡത്തിന് പകരം ചേർത്തത് (16-1-2014 മുതൽ പ്രാബല്യം).

(ഖ) 16-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ച) ഖണ്ഡപ്രകാരം ലോക്പാലിന്റെ ബെഞ്ചുകളുടെ ഉപവേശനങ്ങളുടെ സ്ഥലത്തിന്;

(ഗ) 20-ാം വകുപ്പ് (10)-ാം ഉപവകുപ്പ് പ്രകാരം, നിലവിലുള്ളതോ തീർപ്പാക്കിയതോ ആയ എല്ലാ പരാതികളുടെയും അതിൽ പരാമർശിക്കുന്ന രേഖകളും തെളിവും സഹിതമുള്ള സ്ഥിതി ലോക്പാലിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നതിനുള്ള രീതിയ്ക്ക്;

(ഘ) 20-ാം വകുപ്പ് (11)-ാം ഉപവകുപ്പ് പ്രകാരം പ്രാഥമിക അന്വേഷണവിചാരണയോ അന്വേഷണമോ നടത്തുന്നതിന്റെ രീതിയ്ക്കും നടപടി ക്രമത്തിനും;

(ങ) ഈ ആക്റ്റ് പ്രകാരം നിർദ്ദേശിക്കപ്പെടേണ്ടതോ നിർദ്ദേശിക്കപ്പെടാവുന്നതോ ആവശ്യമായ മറ്റേതെങ്കിലും കാര്യത്തിന്.

61. <u>ചട്ടങ്ങളുടെയും റെഗുലേഷനുകളുടെയും വയ്ക്കൽ.</u>—ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഓരോ ചട്ടവും റെഗുലേഷനും അത് ഉണ്ടാക്കിയതിന് ശേഷം, കഴിയുന്നത്ര വേഗം, പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്ത് വരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുൻപ്, ഇരുസഭകളും ആ ചട്ടത്തിലോ റെഗുലേഷനിലോ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ഇരുസഭകളും ആ ചട്ടമോ റെഗുലേഷനോ ഉണ്ടാക്കേണ്ടതില്ലെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിനോ റെഗുലേഷനോ, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടമോ റെഗുലേഷനോ പ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

62. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, കേന്ദ്ര സർക്കാരിന്, ഔദ്യോഗികഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവു മുഖേന

വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ട് വർഷത്തെ ഒരു കാലയളവ് അവസാനിച്ചതിനുശേഷം ഈ വകുപ്പ് പ്രകാരം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്ര വേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.

## ഭാഗം III

## ലോകായുക്തയുടെ സ്ഥാപിക്കൽ

63. ലോകായുക്തയുടെ സ്ഥാപിക്കൽ.—ഓരോ സംസ്ഥാനവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ഒരു വർഷത്തെ ഒരു കാലയളവിനുള്ളിൽ ചില പൊതു കാര്യ നിർവ്വാഹകർക്കെതിരെ അഴിമതി സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിന്, സംസ്ഥാന നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കുന്ന ഒരു നിയമം മുഖേന സംസ്ഥാനത്തിനു വേണ്ടിയുള്ള ലോകായുക്ത എന്നറിയപ്പെടുന്ന ഒരു നികായം അപ്രകാരം സ്ഥാപിക്കപ്പെടുകയോ രൂപീകരിക്കപ്പെടുകയോ നിയമിക്കപ്പെടുകയോ ചെയ്തിട്ടില്ലെങ്കിൽ, സ്ഥാപിക്കേണ്ടതാണ്.

# പട്ടിക

[വകുപ്പ് 58 കാണുക]

## ചില നിയമങ്ങളുടെ ഭേദഗതി

### ഭാഗം I

### അന്വേഷണ വിചാരണ കമ്മീഷൻസ് ആക്റ്റ്, 1952–ന്റെ ഭേദഗതി

(1952–ലെ 60)

3–ാം വകുപ്പിന്റെ ഭേദഗതി.—3–ാം വകുപ്പിൽ, (1)–ാം ഉപവകുപ്പിൽ ''സമുചിത സർക്കാരിന്'' എന്ന വാക്കുകൾക്കു പകരം ''ലോക്പാലും ലോകായുക്തകളും ആക്റ്റ്, 2013–ൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ സമുചിത സർക്കാരിന്'' എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

### ഭാഗം II

### ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ്, 1946–ന്റെ ഭേദഗതി

(1946–ലെ 25)

1. 4ക വകുപ്പിന്റെ ഭേദഗതി.—4ക വകുപ്പിൽ,—

(i) (1)–ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(1) കേന്ദ്ര സർക്കാർ—

(ക) പ്രധാനമന്ത്രി—ചെയർപേഴ്സൺ;

(ഖ) ലോകസഭയിലെ പ്രതിപക്ഷ നേതാവ്—അംഗം;

(ഗ) ഭാരതത്തിന്റെ ചീഫ് ജസ്റ്റിസോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന സുപ്രീംകോടതിയിലെ ജഡ്ജിയോ,

അടങ്ങുന്ന കമ്മിറ്റിയുടെ ശിപാർശയിൻമേൽ ഡയറക്ടറെ നിയമിക്കേണ്ടതാണ്.'';

(ii) (2)–ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

2. 4ഖക എന്ന പുതിയ വകുപ്പ് ചേർക്കൽ.—4ഖ വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"4ഖ ക. പ്രോസിക്യൂഷൻ ഡയറക്ടർ.—(1) ഈ ആക്റ്റ് പ്രകാരം കേസുകളുടെ പ്രോസിക്യൂഷൻ നടത്തുന്നതിനുവേണ്ടി, ഒരു ഡയറക്ടർ തലവനായി ഒരു പ്രോസിക്യൂഷൻ ഡയറക്ടറേറ്റ് ഉണ്ടായിരിക്കേണ്ടതും അദ്ദേഹം ഭാരത സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനായിരിക്കേണ്ടതുമാണ്.

(2) പ്രോസിക്യൂഷൻ ഡയറക്ടർ, ഡയറക്ടറുടെ ആകമാനമുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിൻകീഴിലും പ്രവർത്തിക്കേണ്ടതാണ്.

(3) കേന്ദ്ര സർക്കാർ, കേന്ദ്ര വിജിലൻസ് കമ്മീഷന്റെ ശിപാർശയിൻമേൽ പ്രോസിക്യൂഷൻ ഡയറക്ടറെ നിയമിക്കേണ്ടതാണ്.

(4) പ്രോസിക്യൂഷൻ ഡയറക്ടർ, അദ്ദേഹത്തിന്റെ സേവന വ്യവസ്ഥകളെ സംബന്ധിക്കുന്ന ചട്ടങ്ങളിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ രണ്ടു വർഷത്തിൽ കുറയാത്ത ഒരു കാലയളവിലേക്ക് ഉദ്യോഗം വഹിക്കുന്നത് തുടരേണ്ടതാണ്.".

3. 4ഗ വകുപ്പിന്റെ ഭേദഗതി.—4ഗ വകുപ്പിൽ, (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) കേന്ദ്ര സർക്കാർ, ഡയറക്ടർ ഒഴികെ, പോലീസ് സൂപ്രണ്ടിന്റെ തലത്തിലും മുകളിലുമുള്ള ഉദ്യോഗസ്ഥരുടെ തസ്തികകളിലേക്ക് നിയമനം നടത്തേണ്ടതും—

(ക) കേന്ദ്ര വിജിലൻസ് കമ്മീഷണർ—ചെയർപേഴ്സൺ;

(ഖ) വിജിലൻസ് കമ്മീഷണർമാർ—അംഗങ്ങൾ;

(ഗ) ആഭ്യന്തര മന്ത്രാലയത്തിന്റെ ചുമതലയുള്ള ഭാരത സർക്കാരിന്റെ സെക്രട്ടറി—അംഗം;

(ഘ) ഉദ്യോഗസ്ഥ വകുപ്പിന്റെ ചുമതലയുള്ള ഭാരത സർക്കാരിന്റെ സെക്രട്ടറി—അംഗം,

അടങ്ങുന്ന ഒരു കമ്മിറ്റിയുടെ ശിപാർശയിൻമേൽ, ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റിലെ അങ്ങനെയുള്ള ഉദ്യോഗസ്ഥരുടെ കാലാവധി ദീർഘിപ്പിക്കലിനോ വെട്ടിച്ചുരുക്കലിനോ കൂടി ശിപാർശ ചെയ്യേണ്ടതാണ്:

എന്നാൽ കമ്മിറ്റി അതിന്റെ ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് മുൻപ് ഡയറക്ടറുമായി കൂടിയാലോചിക്കേണ്ടതാണ്. ".

ഭാഗം III

പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988–ന്റെ ഭേദഗതികൾ

(1988–ലെ 49)

1. 7, 8, 9,12 എന്നീ വകുപ്പുകളുടെ ഭേദഗതി.—7, 8, 9, 12 എന്നീ വകുപ്പുകളിൽ,—

(ക) "ആറുമാസത്തിൽ" എന്ന വാക്കുകൾക്കു പകരം "മൂന്നു വർഷത്തിൽ" എന്ന വാക്കുകൾ യഥാക്രമം ചേർക്കേണ്ടതാണ്;

(ഖ) "അഞ്ചു വർഷം" എന്ന വാക്കുകൾക്കു പകരം "ഏഴു വർഷം" എന്ന വാക്കുകൾ യഥാക്രമം ചേർക്കേണ്ടതാണ്.

2. 13–ാം വകുപ്പിന്റെ ഭേദഗതി.—13–ാം വകുപ്പിൽ, (2)–ാം ഉപവകുപ്പിൽ,—

(ക) "ഒരു വർഷത്തിൽ" എന്ന വാക്കുകൾക്കു പകരം "നാലു വർഷത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഖ) "ഏഴു വർഷം" എന്ന വാക്കുകൾക്കു പകരം "പത്തു വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 14–ാം വകുപ്പിന്റെ ഭേദഗതി.—14–ാം വകുപ്പിൽ,—

(ക) "രണ്ടു വർഷത്തിൽ" എന്ന വാക്കുകൾക്കു പകരം "അഞ്ചു വർഷത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഖ) "ഏഴു വർഷം" എന്ന വാക്കുകൾക്കു പകരം "പത്തു വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 15–ാം വകുപ്പിന്റെ ഭേദഗതി.—15–ാം വകുപ്പിൽ, ''മൂന്നു വർഷം വരെയാകാവുന്ന'' എന്ന വാക്കുകൾക്കു പകരം ''രണ്ടു വർഷത്തിൽ കുറയാത്തതും എന്നാൽ അഞ്ചു വർഷം വരെയാകാവുന്നതുമായ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 19–ാം വകുപ്പിന്റെ ഭേദഗതി.—19–ാം വകുപ്പിൽ, ''മുൻകൂട്ടിയുള്ള അനുമതി കൂടാതെ'' എന്ന വാക്കുകൾക്ക് ശേഷം ''ലോക്പാലും ലോകായുക്തകളും ആക്റ്റ്, 2013–ൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഭാഗം IV

## ക്രിമിനൽ നടപടി നിയമസംഹിത, 1973–ന്റെ ഭേദഗതി

(1974–ലെ 2)

197–ാം വകുപ്പിന്റെ ഭേദഗതി.—197–ാം വകുപ്പിൽ, ''മുൻകൂട്ടിയുള്ള അനുമതി കൂടാതെ'' എന്ന വാക്കുകൾക്കുശേഷം ''ലോക്പാലും ലോകായുക്തകളും ആക്റ്റ്, 2013–ൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഭാഗം V

## സെൻട്രൽ വിജിലൻസ് കമ്മീഷൻ ആക്റ്റ്, 2003–ന്റെ ഭേദഗതികൾ

(2003–ലെ 45)

1. 2–ാം വകുപ്പിന്റെ ഭേദഗതി.—2–ാം വകുപ്പിൽ, (ഘ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

'(ഘക) ''ലോക്പാൽ'' എന്നാൽ ലോക്പാലും ലോകായുക്തകളും ആക്റ്റ്, 2013–ന്റെ 3–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ലോക്പാൽ എന്നർത്ഥമാകുന്നു;'.

2. 8–ാം വകുപ്പിന്റെ ഭേദഗതി.—8–ാം വകുപ്പിൽ, (2)–ാം ഉപവകുപ്പിൽ (ഖ) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഗ) ലോക്പാലും ലോകായുക്തകളും ആക്റ്റ്, 2013-ലെ 20-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ പരിമിതി വ്യവസ്ഥ പ്രകാരം ലോക്പാൽ നടത്തിയ ഒരു റഫറൻസിൻമേൽ, (1)-ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ആളുകളിൽ—

(i) കേന്ദ്ര സർക്കാർ സർവ്വീസുകളിലെ ഗ്രൂപ്പ് ബി, ഗ്രൂപ്പ് സി, ഗ്രൂപ്പ് ഡി—എന്നിവയിലെ അംഗങ്ങളും;

(ii) ഏതെങ്കിലും കേന്ദ്ര ആക്റ്റിനാലോ അതിൻകീഴിലോ സ്ഥാപിക്കപ്പെട്ടിട്ടുള്ള കോർപ്പറേഷനുകളിലെയോ സർക്കാർ കമ്പനികളിലെയോ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സംഘങ്ങളിലെയോ മറ്റു തദ്ദേശാധികാരസ്ഥാനങ്ങളിലെയോ, ആ സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, ഇതിലേക്ക് വേണ്ടി നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള തലത്തിലെ ഉദ്യോഗസ്ഥരോ സ്റ്റാഫോ,

ഉൾപ്പെടുന്നതുമാകുന്നു:

എന്നാൽ ഈ ഖണ്ഡപ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്ന അങ്ങനെയുള്ള സമയം വരെ, പ്രസ്തുത കോർപ്പറേഷനുകളിലെയും കമ്പനികളിലെയും സംഘങ്ങളിലെയും തദ്ദേശാധികാരസ്ഥാനങ്ങളിലെയും എല്ലാ ഉദ്യോഗസ്ഥരോ സ്റ്റാഫോ (1)-ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ആളുകളാണെന്ന് കരുതപ്പെടേണ്ടതാണ്.".

3. 8ക, 8ഖ എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—8-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"8ക. പബ്ലിക് സർവന്റുമാരെ സംബന്ധിച്ചുള്ള പ്രാഥമിക അന്വേഷണവിചാരണയിൻമേലുള്ള നടപടി.—(1) കേന്ദ്ര സർക്കാരിന്റെ ഗ്രൂപ്പ് (സി) -യും ഗ്രൂപ്പ് (ഡി)-യും ഉദ്യോഗസ്ഥരിൽപെടുന്ന പബ്ലിക് സർവന്റുമാരുടെ അഴിമതിയുമായി ബന്ധപ്പെട്ട പ്രാഥമിക അന്വേഷണവിചാരണയുടെ സമാപനത്തിനു ശേഷം, പബ്ലിക് സർവന്റിന് പറയുവാനുള്ളതു പറയുവാൻ ഒരവസരം നൽകിയതിനുശേഷം, പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റ്, 1988 (1988-ലെ 49) പ്രകാരം അഴിമതിയുമായി ബന്ധപ്പെട്ട് പെരുമാറ്റ ചട്ടങ്ങളുടെ ലംഘനം അങ്ങനെയുള്ള പബ്ലിക് സർവന്റ് നടത്തിയതായി പ്രഥമദൃഷ്ട്യാ

കമ്മീഷന്റെ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നിടത്ത്, കമ്മീഷൻ താഴെപ്പറയുന്ന ഒന്നോ അതിലധികമോ നടപടികളുമായി മുന്നോട്ട് പോകേണ്ടതാണ്, അതായത്:—

(ക) ഏതെങ്കിലും ഏജൻസി മുഖേനയോ, ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് മുഖേനയോ, അതതുസംഗതിപോലെ, ഒരു അന്വേഷണത്തിന് ഇടയാക്കുക;

(ഖ) ബന്ധപ്പെട്ട പബ്ലിക് സർവന്റിനെതിരെ ക്ഷമതയുള്ള അധികാരസ്ഥാനം മുഖേന അച്ചടക്ക നടപടികളോ ഉചിതമായ മറ്റേതെങ്കിലും നടപടിയോ ആരംഭിക്കൽ;

(ഗ) പബ്ലിക് സർവന്റിനെതിരെയുള്ള നടപടികൾ അവസാനിപ്പിക്കലും ലോക്പാലും ലോകായുക്തകളും ആക്റ്റ്, 2013-ലെ 46-ാം വകുപ്പ് പ്രകാരം പരാതിക്കാരന് എതിരായി നടപടി എടുക്കുകയും.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഓരോ പ്രാഥമിക അന്വേഷണവിചാരണയും സാധാരണയായി, പരാതി കൈപ്പറ്റിയ തീയതി മുതൽ തൊണ്ണൂറു ദിവസത്തെ ഒരു കാലയളവിനുള്ളിലും ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, വീണ്ടും തൊണ്ണൂറു ദിവസത്തെ ഒരു കാലയളവിനുള്ളിലും പൂർത്തിയാക്കേണ്ടതാണ്.

8ഖ. <u>പബ്ലിക് സർവന്റുമാരെ സംബന്ധിച്ചുള്ള അന്വേഷണത്തിൻമേലുള്ള നടപടി.</u>—(1) 8ക വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം പരാതിയെക്കുറിച്ച് അന്വേഷണം തുടരുന്നതിന് കമ്മീഷൻ തീരുമാനിക്കുന്നുവെങ്കിൽ, അത് ഏതെങ്കിലും ഏജൻസിയോട് (ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) കഴിയുന്നതും വേഗത്തിൽ അന്വേഷണം നടത്തുന്നതിനും അതിന്റെ ഉത്തരവിന്റെ തീയതി മുതൽ ആറുമാസത്തെ ഒരു കാലയളവിനുള്ളിൽ അന്വേഷണം പൂർത്തിയാക്കുന്നതിനും അതിന്റെ കണ്ടെത്തലുകൾ അടങ്ങുന്ന അന്വേഷണ റിപ്പോർട്ട് കമ്മീഷന് സമർപ്പിക്കുന്നതിനും നിർദ്ദേശിക്കേണ്ടതാണ്:

എന്നാൽ കമ്മീഷന്, ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, പ്രസ്തുത കാലയളവ് വീണ്ടും ആറുമാസത്തെ ഒരു കാലയളവിലേക്ക് ദീർഘിപ്പിക്കാവുന്നതാണ്.

(2) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 173-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും ഏജൻസി (ഡൽഹി

സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) കമ്മീഷൻ അതിന് റഫർ ചെയ്യുന്ന കേസുകളെ സംബന്ധിച്ച്, കമ്മീഷന് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(3) കമ്മീഷൻ, ഏതെങ്കിലും ഏജൻസിയിൽ നിന്ന് (ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) (2)-ാം ഉപവകുപ്പ് പ്രകാരം അതിനു ലഭിക്കുന്ന ഓരോ റിപ്പോർട്ടും പരിഗണിക്കേണ്ടതും—

(ക) പബ്ലിക് സർവന്റിനെതിരെ പ്രത്യേക കോടതി മുൻപാകെ കുറ്റപത്രമോ അവസാനിപ്പിക്കൽ റിപ്പോർട്ടോ ഫയൽ ചെയ്യുന്നതും;

(ഖ) ബന്ധപ്പെട്ട പബ്ലിക് സർവന്റിനെതിരെ ക്ഷമതയുള്ള അധികാരസ്ഥാനം മുഖേന വകുപ്പുതല നടപടികളോ ഉചിതമായ മറ്റേതെങ്കിലും നടപടിയോ ആരംഭിക്കുന്നതും,

സംബന്ധിച്ച് തീരുമാനിക്കാവുന്നതും ആണ്.''.

(4) 11ക. എന്ന പുതിയ വകുപ്പ് ചേർക്കൽ.—11-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''11ക. പ്രാഥമിക അന്വേഷണവിചാരണ നടത്തുന്നതിനുള്ള അന്വേഷണ വിചാരണ ഡയറക്ടർ.—(1) ലോക്പാൽ കമ്മീഷന് റഫർ ചെയ്യുന്ന പ്രാഥമിക അന്വേഷണവിചാരണകളുടെ നടത്തിപ്പിന് കേന്ദ്ര സർക്കാർ നിയമിക്കേണ്ട, ഭാരത സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു അന്വേഷണവിചാരണ ഡയറക്ടർ ഉണ്ടായിരിക്കേണ്ടതാണ്.

(2) കേന്ദ്ര സർക്കാർ, അന്വേഷണവിചാരണ ഡയറക്ടർക്ക്, ഈ ആക്റ്റ് പ്രകാരം അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ലഭ്യമാക്കേണ്ടതാണ്.''.